
# യുറീക്ക

പുല്ലെണ്ണയുടെ രഹസ്യം

2020 നവംബർ 16
കുട്ടികളുടെ ശാസ്ത്രദ്വൈവാരിക

ഇന്ത്യൻ ഭാഷകളിൽ ഏറ്റവും കൂടുതൽ
കുട്ടികൾ വായിക്കുന്ന ശാസ്ത്രപ്രസിദ്ധീകരണം

വില : ₹ 17.00



പദപ്രശ്നം പൂരിപ്പിച്ച് പേരും വിലാസവും എഴുതിയശേഷം ഫോട്ടോ എടുത്ത് ടെലഗ്രാം / വാട്സപ്പ് അയയ്ക്കുക (ഏതെങ്കിലും ഒന്നിലയച്ചാൽ മതി).

: 9497172919

## 5 പേർക്ക് സമ്മാനങ്ങൾ...

**പദപ്രശ്നം കിട്ടേണ്ട അവസാന തീയ്യതി : നവംബർ 30, 2020**




നിർദേശിക്കുന്ന നമ്പറിലേക്ക് അയയ്ക്കുന്ന ഉത്തരങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

### വലത്തോട്ട്

1. കവി എഴുതുന്നത്.
3. കളരിപ്പയറ്റിൽ ഈ ആയുധം ഉണ്ട്. കുറച്ചു കാലം മുമ്പ് ഇറങ്ങിയ ഒരു സിനിമയ്ക്ക് ഈ പേരാണ്.
5. വിശപ്പ് അല്ല, വീശാനുള്ളതാണ്.
7. ഇത് ഉള്ളപ്പോൾ വാല് ആടരുത് എന്ന് പഴമക്കാരുടെ ചൊല്ലാണ്.
9. ...... നോക്കി നടക്കല്ലേ, വീഴും. വീണാൽ ..... പോയതു തന്നെ!
10. ഹരിപ്പിക്കുന്നത് എന്ന് പറഞ്ഞാൽ കണക്ക് ആണെന്നു വിചാരിച്ച് കഷ്ടപ്പെടേണ്ട. രസം ആണെന്നേ...
11. നല്ല നടനാണ്. അല്ലെങ്കിൽ തേൻ തന്നെ.
12. തൃശ്ശൂരിലെ ഒരു സ്ഥലം. ഒരു അഭിനേതാവ് ഈ പേരിൽ അറിയപ്പെട്ടിരുന്നു.
14. ശത്രു.
16. സംസ്കൃതത്തിലെ വ്യാകരണ ഗ്രന്ഥം രചിച്ചയാൾ.

18 പൊട്ട്.

19 ഉന്മാദം.

### താഴോട്ട്

1 ഒരു പാവം മൃഗം.

2 അടുക്കളയിലും ഭക്ഷണം കഴിക്കുന്നിടത്തും ഉണ്ടാവും.

3. അടുക്കളയിൽ നിന്നും വീട്ടിൽ നിന്നും പോയി എങ്കിലും ഉള്ളതു പറഞ്ഞാൽ ഇത് ചിരിക്കും എന്ന പഴമൊഴിയെ ആരും വിട്ടുന്നില്ല.
4. മലയാളം കലണ്ടറിലെ ഒരു മാസത്തിന്റെ പേര്.
6. അമ്പ്.
8. വഴക്ക് അല്ലെങ്കിൽ കലാപം.
9. തമ്പ്രാൻ കൊതിച്ചത് മലരമ്പ്.. എന്ന് തുടങ്ങുന്ന സിനിമാ ഗാനം ആലപിച്ചത് ഈ ഗായികയാണ്.
12. ഭീമന്റെ പര്യായം.
13. കാഴ്ചക്കാരൻ.
15. പ്രഭാതം.
16. ശരിയായി ചേർന്നാലും വേണ്ടത്ര ആയാലും പറയാവുന്നത് ഈ വാക്ക്.
17. സ്ഥിതി ആവാം. അവസ്ഥ എന്നുമാവാം.

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

**12/ 2020**

| | | | | | | |
|---|---|---|---|---|---|---|
| 1 | | 2 | ■ | 3 | | 4 |
| | ■ | 5 | 6 | | ■ | |
| 7 | 8 | ■ | | ■ | 9 | |
| ■ | 10 | | ■ | 11 | | ■ |
| 12 | | ■ | 13 | ■ | 14 | 15 |
| | ■ | 16 പാ | ണി | 17 നി | ■ | |
| 18 | | | ■ | 19 | | |

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

പേര് : ...........................................................

ക്ലാസ് : ...........................................................

വീട്ടുവിലാസം : ...........................................

...........................................................................

പോസ്റ്റ് : ...........................................................

ജില്ല : ...........................................................

ഫോൺ : ...........................................................

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

തയ്യാറാക്കിയത് : **ജന**

2020
നവംബർ 16
വാല്യം: 42
ലക്കം: 12

# യുറീക്ക

കുട്ടികളുടെ ശാസ്ത്ര ദ്വൈവാരിക

1970– ൽ പ്രസിദ്ധീകരണം ആരംഭിച്ചത്

സന്ദർശിക്കുക :
www.eurekafortnightly.com
www.facebook.com/
EurekaFortnightly

കത്തുകളും രചനകളും അയയ്ക്കേണ്ട
വിലാസം: എഡിറ്റർ, യുറീക്ക, ചാലപ്പുറം,
കോഴിക്കോട് – 673 002.
e-mail: eurekakssp@gmail.com

ഓൺലൈനിൽ വായിക്കാൻ
www.magzter.com
www.readwhere.com

## ലേഖനങ്ങൾ

6. പുല്ലെണ്ണയുടെ രഹസ്യം :
ഡോ.ടി.ആർ ജയകുമാരി

8. പാചക മത്സരം:
ഡോ.എം മായാറാണി

14. ക്രിസ്ദിന ആശംസകൾ:
വി.ചന്ദ്രബാബു

19. കുട്ടിത്തേൻകിളിയുടെ
ആദ്യത്തെ പറക്കൽ:
ഡോ.ലിജിഷ എ.ടി

28. കവിതയും ഞാനും:
അക്കിത്തം

30. എല്ലാ വസ്തുക്കളെയും
എങ്ങനെ നനയ്ക്കാം:
പുനഃ ഡോ.സംഗീത ചേനംപുല്ലി

## കഥ

12. വിശപ്പ് :
സിന്ധു എൻ.പി

32. നൃജൻ :
സി.എം.മുരളീധരൻ

## കവിത

10. മരജന്മം :
സജീവൻ കല്ലാച്ചി

11. തേരട്ടയും പുഴുവും :
വീരാൻകുട്ടി

27. സ്കൂള് പൂട്ടിയാൽ :
രതീശൻ ചെക്കിക്കുളം

42. കാറ്റേ... ശലഭമേ... :
ദിവാകരൻ വിഷ്ണുമംഗലം

## നോവൽ

40. ഭൂമിയിലെ
നക്ഷത്രങ്ങൾ :
പ്രേമജ ഹരീന്ദ്രൻ



കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
പ്രസിദ്ധീകരണം

## പംക്തികൾ

2. പദപ്രശ്നം
11. കടങ്കവിതകൾ
22. കാഴ്ചപ്പുറം
24. ഞാറ്റടി
34. യു.മെയിൽ
36. പീക്കിരി.ഇൻ
43. ഓരോരോന്നോരോന്ന്



## കവർ

സചീന്ദ്രൻ കാറഡുക്ക

അറിവ് ആഹ്ലാദമാക്കിയ അമ്പത് വർഷങ്ങൾ

വാർഷിക വരിസംഖ്യ : 300 രൂ.
ഒറ്റപ്രതി : 17 രൂ.
ഓൺലൈനായി പണമടയ്ക്കാൻ
www.kssppublications.com

ഡി.ഡി/എം.ഒ. ആണെങ്കിൽ

**മാനേജിങ് എഡിറ്റർ, യുറീക്ക, ചാലപ്പുറം,**
**കോഴിക്കോട്–673002.**
e–mail: ksspmagazine@gmail.com,
Ph: 0495 2701919.



**പത്രാധിപസമിതി :**

സി എം മുരളീധരൻ (എഡിറ്റർ),
എം ദിവാകരൻ (മാനേജിങ് എഡിറ്റർ),
അനിത സി കെ (അസോ. എഡിറ്റർ), ഷിനോജ് രാജ് (എഡി. അസിസ്റ്റന്റ്), പ്രൊഫ.കെ.പാപ്പൂട്ടി, ജനു, ഇ.എൻ.ഷീജ, മൈന ഉമൈബാൻ, ഇ.രാജൻ, ഇ.ജിനൻ, മഞ്ജു പി എൻ, സിന്ധു എൻ പി, പി.കെ.സുധി, ഡോ.കെ.കിഷോർ കുമാർ, എം.ഗീതാഞ്ജലി, ഷൈല സി ജോർജ്.

ലേ–ഔട്ട്: ഷിനോജ് രാജ്,
ഗ്രാഫിക്സ് : റനീഷ് കെ.പി.


# മുഖക്കുറി

ഇലഞ്ഞി മരച്ചോട്ടിലെ കുട്ടിക്കൂട്ടത്തിനൊപ്പം ഒരു ദിവസം ചെലവഴിക്കണമെന്ന് ഒത്തിരിക്കാലമായി അവർ പറയാൻ തുടങ്ങിയിട്ട്. ഇന്നലെയും ഫസീല വിളിച്ചിരുന്നു. "മാമൻ ഞങ്ങളോട് പിണക്കമൊന്നുമല്ലല്ലോ, അല്ലേ." തമാശയായിട്ടാണ് അവൾ പറഞ്ഞതെങ്കിലും അൽപം പരിഭവം അതിലുണ്ടെന്ന് മനസ്സിലായി. അതുകൊണ്ടാണ് മറ്റു തിരക്കുകൾ മാറ്റിവെച്ച് ഞാനങ്ങോട്ട് ചെന്നത്.

എന്നെ കണ്ടപാടെ എല്ലാവരും കൂടെ ഓടി അടുത്തേക്ക് വന്നു. ആ കണ്ണുകളിൽ വിരിയുന്ന നക്ഷത്രങ്ങൾ എത്ര മനോഹരം. ഒരുപക്ഷേ, ലോകത്തിലെ ഏറ്റവും മനോഹരമായ കാഴ്ച, സന്തോഷിച്ചുനിൽക്കുന്ന കുഞ്ഞിക്കണ്ണുകളായിരിക്കുമെന്ന് എനിക്കപ്പോൾ തോന്നി.

"ഞാനിതാ വാക്കുപാലിച്ചിരിക്കുന്നു." ഇലഞ്ഞിയുടെ ഉയർന്നു നിൽക്കുന്ന ഒരു വേരിന്റെ മുകളിൽ ഇരുന്നുകൊണ്ട് ഞാൻ പറഞ്ഞു.

"മാമാ... മാമൻ വരുമ്പോൾ ഞങ്ങളൊരു കാര്യം ചർച്ച ചെയ്തുകൊണ്ടിരിക്കുകയായിരുന്നു." രഹാന പറഞ്ഞു.

"ഉംം.. അതു നിർത്തേണ്ട. എന്തായിരുന്നു നിങ്ങളുടെ ചർച്ചാവിഷയം." ഞാൻ ടവ്വലെടുത്ത് കണ്ണട തുടച്ചു.

"അതോ... നമ്മൾ നമ്മളിൽ ഒരു വിഭാഗത്തിനോട് നന്നായി പെരുമാറണമെന്ന് ഓർമിപ്പിക്കാനും, അതിന്റെ പ്രാധാന്യം പ്രചരിപ്പിക്കാനും, ഒരു ദിനാചരണം നടത്തേണ്ടി വരുന്നു എന്നത് എത്രമാത്രം ദയനീയമായൊരു കാര്യമാണെന്നാ ഞങ്ങൾ ആലോചിച്ചോണ്ടിരുന്നത്."

രഹാന അടുത്ത വാചകം പറയാൻ ശ്വാസമെടുക്കും മുമ്പ് രമ്യ ഉച്ചത്തിൽ തുടങ്ങിക്കഴിഞ്ഞു. "ശരിക്കും മറ്റു ജീവികളിൽ നിന്നും ഉയർന്നതെന്നും സംസ്കാരം കെട്ടിപ്പടുത്തത് എന്നുമൊക്കെ പറയുന്നത് വെറുതെയാണല്ലേ. മറ്റേതെങ്കിലും ജീവികൾ സ്വന്തം വർഗത്തിൽ ഇങ്ങനെ പെരുമാറുമോ?" അവളുടെ വാക്കുകളിൽ ധാർമികരോഷം തുടിച്ചു നിൽക്കുന്നുണ്ടായിരുന്നു.

"കാര്യം മനസ്സിലായില്ലല്ലോ ചങ്ങാതിമാരേ. എന്നോടെന്തിനാണ് ഈ ദേഷ്യം. ഞാനൊരു പാവമല്ലേ." അതുകേട്ടപ്പോൾ എല്ലാവരും ചിരിച്ചു.

അതിനിടെ എന്റെ സഞ്ചിയിലുള്ള പുസ്തകം എടുത്ത് മറിച്ചു തുടങ്ങിയിരുന്ന വിജിഷ പറഞ്ഞു. "മാമാ സ്ത്രീകൾക്കു നേരെയുള്ള ആക്രമണങ്ങൾക്കെതിരെയുള്ള ദിനാചരണത്തിന്റെ കാര്യമാ പറഞ്ഞോണ്ടിരുന്നത്."

"മാമനോട് ഞങ്ങൾക്കെന്ത് ദേഷ്യം." രഹാനയുടെ

# ഇലഞ്ഞിച്ചോട്ടിലെ
# ഓറഞ്ച് ചിന്തകൾ

കുഞ്ഞിക്കൈ എന്റെ തോളിൽ മൃദുവായി തലോടി.

"ഓ നവംബർ ഇരുപത്തഞ്ചിന്റെ ഓറഞ്ച് ദിനം. ഐക്യരാഷ്ട്ര സംഘടനയുടെ നേതൃത്വത്തിലുള്ളത്." ഞാൻ പറഞ്ഞുതുടങ്ങി. "ഡൊമിനിക്കൻ റിപ്പബ്ലിക്കിൽ റാഫേൽ ട്രുജിലോ എന്ന ഏകാധിപതിയെ എതിർത്ത് പ്രവർത്തിച്ച മിറബൽ സിസ്റ്റേഴ്സിന്റെ ഓർമയെ മുൻനിർത്തിക്കൂടിയാണ് ആ ദിനാചരണം. അവർ നാലുപേരായിരുന്നു. പാട്രിയ, മിനർവ, മറിയാ തെരേസ, ദിദേ. ആദ്യത്തെ മൂന്നുപേരെ ട്രുജിലോയുടെ ആളുകൾ കൊലപ്പെടുത്തി. അത് 1960 നവംബർ 25 ന് ആയിരുന്നു. അവരുടെ സ്മരണയിൽ 1981ൽ ലാറ്റിനമേരിക്കയിലെ സ്ത്രീപക്ഷപ്രവർത്തകരാണ് നവംബർ 25 ന് ചില പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു തുടങ്ങിയത്. 1999 മുതൽ ഐക്യരാഷ്ട്ര സംഘടന ഔപചാരികമായി നവംബർ 25 സ്ത്രീകൾക്കുനേരെയുള്ള ആക്രമണങ്ങൾക്കെതിരായുള്ള ദിനമായി ആചരിച്ചു തുടങ്ങി."




"എന്തുകൊണ്ടാണ് മാമാ ഇങ്ങനെ സ്ത്രീകൾ ആക്രമിക്കപ്പെടുന്നത്?" ഫസീലയുടെ ആ ചോദ്യത്തിൽ ഒരുപാട് വികാരങ്ങൾ ഒളിഞ്ഞുകിടപ്പുണ്ടായിരുന്നു.

"അത് അടിസ്ഥാനപരമായി നമ്മുടെ സമൂഹം പുലർത്തിപ്പോരുന്ന ഒരു ധാരണപ്പിശകാണെന്നാണ് എനിക്ക് തോന്നുന്നത്. സ്ത്രീകളുടെ മേൽ അധികാരം പ്രയോഗിക്കാനും അവരുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കാനും പുരുഷന്മാർക്ക് ജന്മനാ അവകാശമുണ്ടെന്നുള്ള ധാരണയാണത്. ഓരോ വ്യക്തിയും, ആണാകട്ടെ പെണ്ണാകട്ടെ, ആ ബോധത്തിനകത്താണ് വളർന്നു വരുന്നത്. കഥകളിലൂടെ, പഴഞ്ചൊല്ലുകളിലൂടെ, സിനിമകളിലൂടെ നാമറിയാതെ തന്നെ ഓരോരുത്തരുടെയും ഉള്ളിലേക്ക് അത്തരം ബോധ്യങ്ങൾ കടന്നു വരുന്നുണ്ട്. ആ ബോധത്തിനെ തിരുത്താൻ പലർക്കും കഴിയുന്നില്ല. നീയെന്താ പെണ്ണുങ്ങളെപ്പോലെ കരയുന്നതെന്ന ആൺകുട്ടികളോടുള്ള ചോദ്യവും ഈ ബോധത്തിൽ നിന്ന് രൂപം കൊള്ളുന്നതാണ്. മറ്റുള്ളവരോട്, പ്രത്യേകിച്ച് പെൺകുട്ടികളോട്, തുല്യതയിലൂന്നിയുള്ള ബന്ധം സൃഷ്ടിക്കേണ്ടതിന്റെ പ്രാധാന്യം ആൺകുട്ടികളിലേയ്ക്ക് പകർന്നു നൽകാൻ രക്ഷിതാക്കൾക്ക് കഴിയുന്നില്ല. വിദ്യാലയങ്ങൾക്കും കഴിയുന്നില്ല."

"നമുക്കതിന് എന്തു ചെയ്യാൻ കഴിയും?" എല്ലാവരുടെയും വായിൽ നിന്ന് ഒരുമിച്ചാണ് ആ ചോദ്യം പുറത്തുവന്നത്.

"പറയുക, പറഞ്ഞുകൊണ്ടേയിരിക്കുക, വീണ്ടും വീണ്ടും പറയുക. ആണും പെണ്ണും തുല്യതയുള്ളവരാണെന്ന്. എല്ലാവർക്കും തുല്യ പരിഗണനയും തുല്യ അവസരങ്ങളും ലഭിക്കണമെന്ന്. അപരനോട് ബഹുമാനത്തോടെ പെരുമാറാൻ പഠിക്കണമെന്ന്. ഒരാളുടെ സമ്മതമില്ലാതെ അയാളുടെ ശരീരത്തിൽ സ്പർശിക്കാൻ പോലും പാടില്ലെന്ന്. വാക്കുകളാലോ പെരുമാറ്റങ്ങളാലോ ഒരാളെയും നോവിക്കാൻ പാടില്ലെന്ന്. അങ്ങനെ മാതൃകാപരമായ ഒട്ടേറെ കുടുംബാന്തരീക്ഷങ്ങൾ രൂപപ്പെടട്ടെ. മാതൃകാപരമായ ക്ലാസ്മുറികൾ രൂപപ്പെടട്ടെ."

**യുറീക്കാമാമൻ**

# പുല്ലെണ്ണയുടെ രഹസ്യം



**ഡോ. ടി. ആർ. ജയകുമാരി**

ചിത്രീകരണം: സൂരജ് കക്കറയിൽ

രാവിലെ നടക്കാനിറങ്ങിയാൽ, മൺകയ്യാലകളിൽ വളരുന്ന പുല്ലുകളിൽ സൂര്യൻ പ്രതിഫലിക്കുന്നത് കാണാം. പുല്ലുകളിലെ ചെറുതണ്ടുകളിൽ മഞ്ഞിൻ തുള്ളികൾ പോലെയോ മഴത്തുള്ളികൾ പോലെയോ നിൽക്കുന്ന തുള്ളികളാണ് വെയിലടിക്കുമ്പോൾ കൊച്ചു സൂര്യന്മാരാവുന്നത്. ചില സ്ഥലങ്ങളിൽ പുല്ലെണ്ണയെന്ന് വിളിക്കുന്ന ഇവയിലൊന്ന് പൊട്ടിച്ചെടുത്ത് കണ്ണിനുള്ളിൽ തടവിയാൽ മഞ്ഞു പോലെ സുഖമുള്ള തണുപ്പറിയാം. ഇതനുഭവിക്കാത്ത ബാല്യങ്ങൾ ഗ്രാമങ്ങളിലുണ്ടാവില്ല. എന്താണിവയുടെ രഹസ്യമെന്ന് നോക്കാം.

ചെടികൾ പല ആവശ്യങ്ങൾക്കായി ശ്ലേഷ്മം അഥവാ മ്യൂസിലേജ് ഉൽപാദിപ്പിക്കാറുണ്ട്. മൃദുല ഭാഗങ്ങൾ ഉണങ്ങിപ്പോകാതെയും ക്ഷതമേൽക്കാതെയും സംരക്ഷിക്കാനും കീടങ്ങളെയും രോഗാണുക്കളെയും പ്രതിരോധിക്കാനുമൊക്കെ ശ്ലേഷ്മം സഹായിക്കും. ശ്ലേഷ്മത്തിൽ പ്രധാനമായുള്ളത് വെള്ളത്തിൽ ലയിക്കുന്ന പോളിസാക്കറൈഡുകളാണ്. ഈ പോളിസാക്കറൈഡുകൾ വെള്ളവുമായി സമ്പർക്കത്തിൽ വരുമ്പോൾ അതിൽ ഭാഗികമായി ലയിച്ച് കൊളോയിഡ് രൂപത്തിലുള്ള കട്ടിയുള്ള ദ്രവമാകും. ഇതിന് വഴുവഴുപ്പുണ്ടാവും.

പരുത്ത മൺതരികൾക്കിടയിലൂടെ കടന്നുപോകുമ്പോൾ മൃദുവായ മൂലകോശങ്ങൾക്ക് ക്ഷതമേൽക്കുന്നത് തടയാനായി വേരുകളിലുണ്ടാകുന്ന ശ്ലേഷ്മമാണ് ചിലയിനം പുല്ലുകളിൽ നീർത്തുള്ളികൾ പോലെ കാണുന്ന പുല്ലെണ്ണയുണ്ടാവാൻ കാരണം. പുല്ലുകളുടെ മുട്ടുകളിലുള്ള

ഫോട്ടോ: വിശ്വൻ

മണ്ണിലെത്താത്ത ചെറുവേരുകളിലുള്ള പുല്ലെണ്ണയാണ് നമുക്ക് കാണാനാവുത്. മണ്ണിനടിയിലുള്ള വേരുകളിലും ഇതുണ്ടാവുന്നുണ്ട്. പക്ഷേ, നമുക്കത് കാണാനാവുന്നില്ല എന്നുമാത്രം.



മഴക്കാലത്തും മഞ്ഞുകാലത്തും പ്രഭാതത്തിലാണല്ലോ പുല്ലെണ്ണ കൂടുതലായിക്കാണുന്നത്. ഇതിന് കാരണമുണ്ട്. ഈ സമയത്ത് അന്തരീക്ഷത്തിൽ ജലകണികകൾ ധാരാളമുണ്ടാവും. വേരുകളുടെ പ്രതലത്തിലും മൂലമകുടത്തിലുമുള്ള ശ്ലേഷ്മത്തിന് ജലാഭിമുഖ്യം ഉള്ളതിനാൽ അവ ഈ ജലകണികകളെ ആഗിരണം ചെയ്ത് ദ്രവരൂപത്തിലാകും. ഭാരം കൂടുമ്പോൾ ഇത് വേരിന്റെ അറ്റത്തേക്ക് ഒഴുകിയെത്തി, തുഷാരബിന്ദു പോലെ തുള്ളിയായി തൂങ്ങിനിൽക്കും. വെയിൽ മൂക്കുമ്പോൾ ഇതിലെ ജലം ബാഷ്പീകരിച്ച് പോകുന്നതിനാൽ, ശ്ലേഷ്മം വീണ്ടും പഴയ രീതിയിലാകും.



വേര് മണ്ണിലേക്കിറങ്ങുമ്പോൾ, മണ്ണിലെ ജലാംശം സ്വീകരിച്ചാണ് ശ്ലേഷ്മം വഴുവഴുത്ത ദ്രവമാകുന്നത്. മൂലാഗ്രത്തെ പൊതിയുന്ന ഈ വസ്തു മണ്ണിലൂടെയുള്ള വേരിന്റെ സഞ്ചാരം സുഗമമാക്കുന്നു. മണ്ണിനെ വേരുമായി ചേർത്തുവയ്ക്കാനും പശ പോലുള്ള ഈ ദ്രവം സഹായിക്കുന്നു. കൂടാതെ, മണ്ണിൽ വസിക്കുന്ന സൂക്ഷ്മജീവികൾക്ക് വേരുകളുമായി ബന്ധം സ്ഥാപിക്കാനും ഇത് സഹായകമാണ്.



എങ്ങനെയാണ് ശ്ലേഷ്മം ഉണ്ടാകുത് എന്നതിനെപ്പറ്റി ശാസ്ത്രജ്ഞർക്കിടയിൽ പല അഭിപ്രായങ്ങളാണുള്ളത്. കൊഴിഞ്ഞുപോകുന്നതും ക്ഷതമേറ്റതുമായ കോശങ്ങളുടെ ഭിത്തിയിൽ നിന്നും കോശാംഗങ്ങളിൽ നിന്നും പുറത്തുവരുന്ന പോളിസാക്കറൈഡുകൾ ശ്ലേഷ്മമായിത്തീരുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ രീതിയിൽ മാത്രമാണോ ശ്ലേഷ്മം ഉണ്ടാകുന്നതെന്ന ചോദ്യത്തിന് വ്യക്തമായ ഉത്തരം ലഭിച്ചിട്ടില്ല.

# പാചക മത്സരം



**ഡോ.എം മായാറാണി**

ചിത്രീകരണം: കെ.സതീഷ്

അടുക്കളയിൽ എന്തോ ശബ്ദം കേൾക്കുന്നുണ്ടല്ലോ. ഓ, രാധ ഹോസ്റ്റലിൽ നിന്നും ഇന്നലെ വന്നിരുന്നു. വരുമ്പോഴെല്ലാം കുട്ടനോടൊപ്പം ചില പരീക്ഷണങ്ങളും മത്സരങ്ങളുമൊക്കെ നടത്തൽ അവൾക്ക് ഒരു ഹോബിയാണ്. ഇന്ന് പാചകമാണെന്നു തോന്നുന്നു.

"എനിക്ക് ഈ പാത്രം മതീട്ടോ രാധേച്ചീ..." ഒരു കലവും പൊക്കിപ്പിടിച്ചുകൊണ്ടു കുട്ടൻ കടന്നു വന്നു.

"ആയിക്കോട്ടെ. ഞാൻ ഈ പ്രഷർ കുക്കർ എടുക്കുന്നു. ഇതാ രണ്ടാൾക്കും തുല്യ അളവിൽ കടലയും വെള്ളവും ഉണ്ട്. ആദ്യം ആരാണ് കടല വേവിക്കുക എന്നതാണ് മത്സരം. തയ്യാറാണോ?" രാധ ചോദിച്ചു.

"എപ്പോഴേ തയ്യാർ! ഈ മത്സരത്തിൽ ഞാൻ ജയിക്കും. ഈ കലം വേഗം ചൂടാകും. പിന്നെ കടല വേകാൻ ഒട്ടും താമസം ഉണ്ടാകില്ല." കുട്ടൻ വളരെ ആത്മവിശ്വാസത്തോടെ പ്രഖ്യാപിച്ചു.

"എന്നാൽ തുടങ്ങാം... റെഡീ വൺ ടൂ ത്രീ... "

'സ്റ്റാർട്ട്' പറഞ്ഞു മുഴമിപ്പിച്ചത് കുട്ടനാണ്. തിടുക്കത്തിൽ കടലയും വെള്ളവും കലത്തിലാക്കി അടുപ്പത്തേക്കു കയറ്റി വച്ചപ്പോൾ അവനു പകുതി ആശ്വാസമായി.

"ജയിക്കുന്നവർക്ക് എന്താ സമ്മാനം?" കുട്ടൻ ഏതാണ്ട് മത്സരത്തിൽ ജയം ഉറപ്പിച്ച മട്ടാണ്.



"നീ ജയിച്ചാൽ കടല കൊണ്ടൊരു കറി വച്ചു തരുന്നുണ്ട് ഞാൻ. എന്തേ മതിയോ?" പ്രഷർ കുക്കറിൽ കടലയും വെള്ളവും ചേർത്ത് അടുപ്പത്തു വക്കുന്നതിനിടയിൽ രാധ പുഞ്ചിരിച്ചുകൊണ്ട് ചോദിച്ചു.

"ഉം. അത് മാത്രം പോരാ. എനിക്കൊരു കഥയും പറഞ്ഞു തരണം."

"ആവാല്ലോ. ആദ്യം കടല വേവിച്ചു കാണിക്ക്."

"ഹയ്യടാ കണ്ടോ കണ്ടോ... എന്റെ വെള്ളം തിളക്കുന്നു. കടല ഇപ്പോൾ വേകും." പ്രതീക്ഷയോടെ കുട്ടൻ കലത്തിനുള്ളിലേക്ക് എത്തി നോക്കി.

"ശ്ശെടാ ഇത് വെന്തില്ലേ...?" കലത്തിൽ നിന്നും ഒരു കടല എടുത്ത് നോക്കിയ കുട്ടൻ നിരാശനായി.

"ശ്ശൂ... ശ്ശൂ... ശ്ശൂ..." പ്രഷർ കുക്കർ ചൂളം വിളിച്ചു തുടങ്ങി.

"നിന്റെ കടല വേവാത്തതിന് നിന്നെ കുക്കർ കൂവണതാ കുട്ടാ" രാധ കുട്ടനെ ചൊടിപ്പിക്കാൻ ശ്രമിച്ചു.

"വെള്ളം തിളച്ചല്ലോ. പിന്നെ എന്താണാവോ വേവാത്തത്" കുട്ടന് ക്ഷമ നശിച്ചു തുടങ്ങി.

അൽപ്പ സമയം കഴിഞ്ഞപ്പോൾ രാധ പതുക്കെ കുക്കർ തുറന്നു.

"യ്യോ, ഉപ്പിടാൻ മറന്നു പോയി. ഉം... എന്നാലും തരക്കേടില്ല, വെന്തിട്ടുണ്ട്." ഒരു കടല എടുത്ത് വായിലിട്ടുകൊണ്ടു രാധ പറഞ്ഞു.

"അയ്യോ.. എന്റെ കടല വെന്തില്ലല്ലോ?" കുട്ടന് സങ്കടമായി.

"അല്ലെടാ, ഈ വേവുക എന്നു പറഞ്ഞാൽ എന്താ?"

"എന്താ, അതൊന്നും എനിക്കറിയില്ലേ?"

"ഞാൻ പറയാം. അരീലും കടലയിലും ഒക്കെയുള്ള സ്റ്റാർച്ചും മാംസ്യവും ഒന്നും നമ്മക്ക് ദഹിപ്പിക്കാൻ പാകത്തിൽ ആയിരിക്കില്ല. അതിനെ ഇടിച്ചു പൊട്ടിച്ച് ചെറുതാക്കണം. അതാണ് വേകൽ. ആരാ അങ്ങനെ ഇടിക്കാൻ? ജല തന്മാത്രകൾ തന്നെ. താപനില കൂടിയ വെള്ളത്തിന്റെ തന്മാത്രകൾക്ക് കൂടുതൽ ഊർജം ഉണ്ടാകും. കൂടുതൽ ശക്തിയുള്ള ഇടി ആയിരിക്കും. അപ്പം വേഗം വേകും."

സങ്കടം വിട്ടിരുന്നില്ലെങ്കിലും കുട്ടൻ തലയാട്ടി.

"ഇവിടെ നമ്മൾ പാചകം ചെയ്യാൻ തിരഞ്ഞെടുത്ത പാത്രമാണ് നമ്മുടെ വിധി നിർണയിച്ചത്." രാധ പറഞ്ഞു.

"പക്ഷേ, കലം പ്രഷർ കുക്കറിനെക്കാൾ കട്ടി കുറഞ്ഞ ഭിത്തിയുള്ളതല്ലേ? അതുകൊണ്ട് വേഗത്തിൽ ചൂടാകേണ്ടതല്ലേ. അതുകൊണ്ടല്ലേ ആദ്യം എന്റെ വെള്ളം തിളച്ചെ?"

**കടൽ നിരപ്പിലുള്ള അന്തരീക്ഷ മർദത്തിൽ ഇരിക്കുന്ന വെള്ളം നൂറ് ഡിഗ്രി സെൽഷ്യസിൽ തിളയ്ക്കും.**

"വേഗം വെള്ളം തിളയ്ക്കുക കലത്തിനുള്ളിൽ തന്നെ ആണ്. ശരിതന്നെ. പക്ഷേ, കടല വേകുവാൻ ആവശ്യമായ താപം ആ വെള്ളത്തിൽ നിന്നും ലഭിക്കാൻ അധിക സമയം ആവശ്യമാണ്. പ്രഷർ കുക്കറിനുള്ളിൽ എന്താണ് സംഭവിക്കുന്നത് എന്ന് നിനക്കറിയാമോ?" രാധ ചോദിച്ചു.

"ഇല്ല."

"തിളച്ചതുകൊണ്ടു മാത്രം കാര്യമില്ല, തിളയ്ക്കുന്ന താപനിലയും പ്രധാനമാണ് കുട്ടാ"


"നൂറ് ഡിഗ്രി സെൽഷ്യസ്! നമ്മുടെ ശരീര താപനില മുപ്പത്തിയേഴ്, വെള്ളം ഐസ് ആകുന്നത് പൂജ്യം ഡിഗ്രി സെൽഷ്യസ്. ഇതൊക്കെ ആർക്കാ ഇപ്പോ അറിയാത്തത്?" അവൻ വളരെ ആത്മവിശ്വാസത്തോടെ പറഞ്ഞു.

"മിടുക്കൻ. പക്ഷേ, ഈ പറഞ്ഞത് മുഴുവനായും ശരിയല്ല. ഓരോ ദ്രാവകത്തിന്റെയും തിളനില അതിനു ചുറ്റിനുമുള്ള മർദത്തെ ആസ്പദമാക്കിയാണ് ഇരിക്കുന്നത്. കടൽ നിരപ്പിലുള്ള അന്തരീക്ഷ മർദത്തിൽ ഇരിക്കുന്ന വെള്ളം നൂറ് ഡിഗ്രി സെൽഷ്യസിൽ തിളയ്ക്കും. അതായത് സാധാരണ നമ്മുടെ വീട്ടിൽ പാചകം ചെയ്യുമ്പോൾ വെള്ളം തിളയ്ക്കുന്നത് ഈ താപനിലയിലാണ്. ചുറ്റുമുള്ള മർദത്തിന് ആനുപാതികമായി ജലത്തിന്റെ തിളനിലയും ഉയരും. പ്രഷർ കുക്കറിനുള്ളിൽ ഉയർന്ന മർദം ഉള്ളതിനാൽ, ചിലപ്പോൾ നൂറ്റിഇരുപത് ഡിഗ്രി വരെയൊക്കെ ഇത്തരത്തിൽ തിളനില ഉയരാം." രാധ വിശദീകരിച്ചു.

"പക്ഷേ, കുക്കറിനുള്ളിൽ മർദം ഉയർന്നത് എങ്ങനെയാണ് ?"

"കുക്കറിനുള്ളിൽ വെള്ളം ചൂടാകുമ്പോൾ ഉണ്ടാകുന്ന നീരാവി പുറത്തേക്ക് പോകാതെ ഉള്ളിൽ തന്നെ തങ്ങി നിർത്തുന്നതിനാൽ അതിനുള്ളിൽ മർദ്ദം ഉയരുന്നു. ഇങ്ങനെ നീരാവി പുറത്തേയ്ക്ക് രക്ഷപ്പെടുന്നത് തടയാനാണ് കുക്കറിന് വളരെ മുറുക്കമുള്ള മൂടി ഉപയോഗിക്കുന്നത്. ഇങ്ങനെ കുക്കറിനുള്ളിൽ ഇരിക്കുന്ന ഉയർന്ന താപനിലയിലുള്ള ജലത്തിൽ കൂടുതൽ താപം അടങ്ങിയിട്ടുണ്ടാകുമല്ലോ. ഈ അധികതാപം കുക്കറിൽ ഇരിക്കുന്ന ഭക്ഷണ പദാർഥത്തെ വേഗത്തിൽ പാകമാകാൻ സഹായിക്കും. എന്നാൽ അന്ത

# മരജന്മം



**സജീവൻ കല്ലാച്ചി**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക



എത്ര കാലമിലകൾ ചുമന്നു.
എത്ര കാലം വെയിലത്തു നിന്നു.
എത്ര കാലം മഴയിൽ കുളിച്ചു.
എത്ര കാലം മഞ്ഞിൽ വിറച്ചു.
എത്ര കാലം പൂവിൽ നിറഞ്ഞു.
എത്രയെത്ര ഫലത്താൽ കുനിഞ്ഞു.
എത്ര കാലമുണങ്ങിക്കഴിഞ്ഞു.
എത്ര നേരം തീയിൽക്കരിഞ്ഞു.
എത്ര വേഗം കനൽ ചാരമായി
മണ്ണിൽ നീ പിന്നെ മണ്ണായ് ലയിച്ചു
പുതുമഴത്തുള്ളി മണ്ണിലിറ്റുമ്പോൾ
പിന്നെയും നീ പുതുജന്മമാർന്നു.

✷

---

രീക്ഷ മർദത്തിൽ തുറന്ന് വച്ചിരിക്കുന്ന കലത്തിനുള്ളിൽ ഇരിക്കുന്ന വെള്ളം കുക്കറിലെ ജലത്തെ അപേക്ഷിച്ച് വേഗം തിളയ്ക്കുന്നു. അതിനാൽ കലത്തിലെ ജലത്തിലെ താപത്തിന്റെ അളവ് കുക്കറിലേതിനെ അപേക്ഷിച്ച് താരതമ്യേന കുറവായതിനാൽ ഭക്ഷണം പാകമാകാൻ വേണ്ട സമയം അധികമാകുന്നു. ഇപ്പോൾ പിടികിട്ടിയോ, കടല വേകാൻ താമസം വന്നത് എന്തുകൊണ്ടാണെന്ന്?" രാധ പറഞ്ഞു നിർത്തി.

"ഹും! ഞാൻ വിശ്വസിച്ചു കൂടെക്കൂട്ടിയ ഈ കലമാണ് എന്നെ ചതിച്ചത്." കുട്ടൻ കലത്തിന് ഒരു തട്ട് വച്ച് കൊടുത്തു.

"മർദം കൂടിയാൽ തിളനില കൂടുമെങ്കിൽ മർദം കുറഞ്ഞാൽ തിളനില കുറയുകയേം ചെയ്യണ്ടേ?" കുട്ടന് സംശയം.

"എന്താ സംശയം. എവറസ്റ്റ് കൊടുമുടിയുടെ മുകളിൽ പോയി കടല വേവിക്കാൻ നോക്കിയാൽ പണി പാളും. ചിലപ്പോൾ മണിക്കൂറുകൾ വേണ്ടി വരും അതൊന്ന് വെന്തു കിട്ടാൻ. സമുദ്രനിരപ്പിൽ നിന്നും ഉയരം കൂടുന്തോറും അന്തരീക്ഷ മർദം കുറയും. അപ്പോൾ ജലം നൂറ് ഡിഗ്രി സെൽഷ്യസ് എത്തും മുന്നേ തന്നെ തിളയ്ക്കാൻ തുടങ്ങും. എന്നാൽ താപനില കുറവായതിനാൽ ഈ വെള്ളത്തിൽ അടങ്ങിയ താപോർജം താരതമ്യേന കുറവായിരിക്കും. വളരെ കുറഞ്ഞ മർദം ഉള്ള ഒരു അറയ്ക്കുള്ളിൽ അടുപ്പിൽ വയ്ക്കാതെ തന്നെ വേണമെങ്കിൽ വെള്ളം തിളപ്പിക്കാനാകും. പക്ഷേ, അതിനു ജലത്തിന്റെ തിളനില അന്തരീക്ഷ താപനില വരെ താഴ്ത്താൻ പോന്ന കുറഞ്ഞ മർദ്ദം ഉണ്ടാകണം. ഒരു അറയ്ക്കുള്ളിൽ നിന്നും വായുവിനെ നീക്കം ചെയ്ത് അതിനുള്ളിലെ മർദം താഴ്ത്തി താഴ്ത്തി ഒടുവിൽ മുപ്പതോ ഇരുപത്തിയഞ്ചോ ഡിഗ്രി സെൽഷ്യസിൽ ഇരിക്കുന്ന വെള്ളത്തിനെയും നമുക്ക് തിളപ്പിക്കാം. വെള്ളം തിളപ്പിക്കാൻ അടുപ്പിന്റെ ആവശ്യമേ ഇല്ല! പക്ഷേ അതിൽ കടല വേവില്ലാട്ടോ."

"അത് കൊള്ളാമല്ലോ. തിളയ്ക്കുന്ന തണുത്ത വെള്ളം." കുട്ടൻ കൗതുകത്തോടെ പറഞ്ഞു.

"ഞാൻ മത്സരത്തിൽ തോറ്റത് അപ്പോൾ എന്റെ കുഴപ്പം കൊണ്ടല്ല. അല്ലേ രാധേച്ചീ?" കുട്ടൻ ചോദിച്ചു.

"അല്ലെടാ... തീർത്തും അല്ല. ഈ കലമാണ് കുട്ടനെ ചതിച്ചത്." രാധ പുഞ്ചിരിച്ചു.

"അങ്ങിനെ ആണെങ്കിൽ ജയിച്ചാൽ പറഞ്ഞു തരാം എന്ന് പറഞ്ഞ കഥ പറഞ്ഞു താ."

"അമ്പട മിടുക്കാ. വരൂ നമുക്ക് ആദ്യം കടലക്കറി ഉണ്ടാക്കാം എന്നിട്ടാകാം കഥ പറച്ചിൽ." രാധ അവനെയും കൂട്ടി പാചക പരിപാടികൾ ആരംഭിച്ചു.

✷

# തേരട്ടയും പുഴുവും



**വീരാൻകുട്ടി**

ചിത്രീകരണം : രാജേന്ദ്രൻ

**പുഴു:**

ആയിരം കാലുള്ള തേരട്ടേ
ആരീ നടത്തം പഠിപ്പിച്ചു
ഇത്രയും കാൽകളൊരേ മട്ടിൽ
എങ്ങനെ വെക്കുന്നു താളത്തിൽ?

**തേരട്ട:**

അക്കാര്യമോർക്കുവാനിന്നോളം
നേരം കളഞ്ഞില്ല ഞാനൊട്ടും
ലക്ഷ്യത്തിൽ മാത്രം നാമൂന്നുമ്പോൾ
മറ്റെല്ലാ കാര്യവും നിസ്സാരം!

തേരട്ട മുന്നോട്ടു പോകുന്നു
പുഴുവുണ്ട് അന്തിച്ച് നിൽക്കുന്നു!



---

## കടങ്കവിതകൾ

**ജോസ് പ്രസാദ്**

1.

ചോദ്യമാണെന്നാൽ
വെറും ചോദ്യമല്ല
ഉത്തരം പറയുവാൻ
ഒത്തിരി ചിന്തിക്കണം!

2.

നാലുകാലുള്ളോന്റെ മേലേ കിടക്കുന്ന
രണ്ടു പേർക്കുള്ളത് നാലു കാല്
രണ്ടു പേർ കാലത്തെണീറ്റു പോയെന്നാലും
നാലു കാലുള്ളോനവിടെത്തന്നെ!

3.

ഒറ്റയ്ക്കിരിക്കുമ്പോൾ
ദൂരത്തിരിക്കുന്ന
ഒരുപാടു പേരോടു മിണ്ടാൻ...
പാട്ടുകേൾക്കാനും
കഥകൾ വായിക്കാനും
സിനിമ കാണാനുമുതകും,
ഫോട്ടോയെടുത്തിട്ട്
സൂക്ഷിച്ചു വെക്കാനും
എപ്പോഴുമുണ്ടിവൻ ചാരെ!

ഉത്തരം അടുത്ത ലക്കത്തിൽ

# വിശപ്പ്



**സിസ്റ്റു.എൻ.പി**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

വിശന്നിട്ട് കണ്ണ് കാണുന്നില്ല. കാക്ക പല ദിക്കിലും പറന്നു നോക്കി. പല മരങ്ങളിലും ചെന്ന് എന്തെങ്കിലും പഴങ്ങളുണ്ടോ എന്ന് ചെരിഞ്ഞു നോക്കി. പല പല വീടുകളിലെ അടുക്കളപ്പുറങ്ങളിലും നടന്നു നോക്കി. ങേ – ഹേ ഒന്നുമില്ല. ഈ മരങ്ങളൊക്കെ പൂക്കുന്നതും കായ്ക്കുന്നതും നിർത്തിയോ?

കാക്കയ്ക്ക് ദേഷ്യം വന്ന് വയ്യാണ്ടായി. ആളുകളൊക്കെ ആഹാരാവശിഷ്ടങ്ങൾ എന്താണാവോ ചെയ്യുന്നത്? അടുക്കളപ്പുറങ്ങളൊക്കെ വൃത്തിയോടെയിരിക്കുന്നു. അവിടെയൊക്കെ ചെന്ന് ചികയാൻ തന്നെ നാണമാവും.

വെയിലത്ത് തളർന്ന് കാക്ക ഒരു വീടിന്റെ മതിൽപ്പുറത്ത് ഇരുന്നു. കുറ്റിച്ചെടികൾക്കരികെ മുറ്റത്ത് തളം കെട്ടിയ വെള്ളം കണ്ടു.

വെള്ളമെങ്കിൽ വെള്ളം. ആർത്തിയോടെ പാറിച്ചെന്ന് രണ്ടു മൂന്ന് വട്ടം വായിലാക്കിയതും ഒരു ശബ്ദം!'പോ  കാക്കേ '

പേടിയോടെ പറന്ന് മാറിയിരുന്ന് നോക്കി. കുറ്റിച്ചെടിക്ക് കണ്ണും മൂക്കും വായും!

കുനിഞ്ഞിരുന്ന് ബൈക്ക് കഴുകിക്കൊണ്ടിരിക്കുന്ന ഫ്രീക്കനാണ്. കാക്കയ്ക്ക് ചിരിവന്നു പോയി. അവന്റെയൊരു മുടി! കാക്ക ഫ്രീക്കനെ നല്ലോണം കളിയാക്കി:

'കാ.. കാ...' എന്നിട്ട് പറന്നുപോയി.

പറന്ന് പറന്നുചെന്ന് ഒരു കൊച്ചു വീടിന്റെ മുന്നിലിരുന്നു. വീടിന്റെ മുൻവശത്ത് ഒരു കുഞ്ഞു പെൺകുട്ടി ഇരിക്കുന്നു. അടുത്തിരുന്ന് അമ്മ കയ്യിലുള്ള ഉരുളകൾ വായിൽ വെച്ചു കൊടുക്കുന്നു. അത് നോക്കി പഞ്ഞിത്തുണ്ടു പോലൊരു പൂച്ചക്കുട്ടി വാല് നിലത്തിട്ടുരുട്ടുന്നു.

'ഞാനും കുട്ട്യല്ലേ?ഒരുരുള എനിക്കും തന്നൂടേന്നുള്ള' നോട്ടത്തിന്റെ കനംകൊണ്ട് അതിന്റെ മീശ വിറയ്ക്കുന്നു.

**കാക്ക പല ദിക്കിലും പറന്നു നോക്കി. പല മരങ്ങളിലും ചെന്ന് പഴങ്ങളുണ്ടോ എന്ന് ചെരിഞ്ഞു നോക്കി. പല പല വീടുകളിലെ അടുക്കളപ്പുറങ്ങളിലും നടന്നു നോക്കി.**

**യുറീക്ക, ശാസ്ത്രകേരളം, ശാസ്ത്രഗതി**

**വരിക്കാരാവൽ ഇപ്പോൾ വളരെ എളുപ്പം**

www.ksspublications.com എന്ന വെബ്സൈറ്റിൽ നിന്ന് ഓൺലൈനായി പണമടയ്ക്കാം, വരിക്കാരാവാം.

സ്കാൻ ചെയ്യൂ, വരിക്കാരാകൂ

വാർഷിക വരിസംഖ്യ

**യുറീക്ക– ₹ 300** **ശാസ്ത്രകേരളം– ₹ 200** **ശാസ്ത്രഗതി– ₹ 200**

ഓൺലൈനിൽ വായിക്കാൻ: www.magzter.com www.readwhere.com



അന്നേരമാണ് അമ്മ കാക്കയെ കണ്ടത്. "മോളൂ ദ് കഴിക്ക്, അല്ലെങ്കിൽ അമ്മയിത് കാക്കയ്ക്ക് കൊടുക്കും കേട്ടോ."

കാക്ക സന്തോഷംകൊണ്ട് ചിറകടിച്ചുപോയി. ഇഷ്ടപ്പെടാഞ്ഞിട്ടാവും പൂച്ച 'മ്യാവൂ' കരഞ്ഞു. കുഞ്ഞ് ചിരിച്ചുകൊണ്ട് വാ തുറന്നു.

ഉരുള കുഞ്ഞുവായ്ക്കുള്ളിൽ മറഞ്ഞു. പിന്നെ കുഞ്ഞു കൈ നീട്ടി കൊഞ്ചിപ്പറഞ്ഞു:

"ന്നി മോള് ഒറ്റയ്ക്ക് തിന്നാം"

അവൾ പ്ലേറ്റ് മടിയിൽവച്ച് ആകാശത്തേക്ക് നോക്കി. കാക്ക വിചാരിച്ചു : 'പാറിച്ചെന്ന് കൊക്കുനിറയെ ഒന്ന് വാരിയാലോ?'

പക്ഷേ, ധൈര്യം വന്നില്ല. അമ്മ അടുത്തുണ്ടല്ലോ.

കുട്ടി പ്ലേറ്റിലേക്ക് നോക്കി. അടുത്തിരുന്ന പൂച്ചയും മരക്കൊമ്പിലിരുന്ന കാക്കയും പ്ലേറ്റിലേക്ക് നോക്കി.

കുട്ടി കരഞ്ഞു. "നിക്ക് ന്നും പപ്പടം വേണം..."

അമ്മ എണീറ്റ് അടുക്കളേലേക്ക് നടന്നുകൊണ്ട് പറഞ്ഞു:

"ണ്ടാക്കിയത് തീർന്നു. അമ്മ വേഗം കൊണ്ടരാട്ടോ. ചോറ് താഴെക്കളയരുത്. '

കാക്കയ്ക്ക് സന്തോഷംകൊണ്ട് കരച്ചിൽ വന്നു. പൂച്ചയ്ക്കും അങ്ങനെതന്നെ തോന്നിട്ട്ണ്ടാവും.

കാക്ക സമയം പാഴാക്കാതെ പറന്നുചെന്നു. പക്ഷേ, അത്ഭുതപ്പെട്ട് ഒരു നിമിഷം നിന്നു.

കുട്ടി ചിരിച്ചുകൊണ്ട് കുഴച്ചുരുട്ടിയ ചോറ് പൂച്ചയ്ക്ക് കൊടുക്കുകയാണ്!

"തിന്നോളൂട്ടോ മോളൂ, ല്ലേ ആ കള്ളക്കാക്ക കൊണ്ടോവും."

കാക്കക്ക് ദേഷ്യവും സങ്കടവും വന്നു. കള്ളക്കാക്ക പോലും. വെശന്നിട്ടല്ലേ..

കാക്ക അരിശത്തോടെ കുട്ടിയെ നോക്കി. കുട്ടിയും നോക്കി.

കാക്കയോട് ചിരിയോടെ കുട്ടി ചോദിച്ചു.

"നിനക്കും വേണോ?"

അവളാ പ്ലേറ്റ് മുറ്റത്തേക്ക് കമഴ്ത്തി. എന്നിട്ട് രണ്ടു കയ്യും കൊട്ടിച്ചിരിച്ചു.

കാക്ക ആർത്തിയോടെ കുറേ വറ്റ് കൊത്തിത്തിന്നു. പിന്നെ കൊക്കിൽ കോരിയെടുത്ത് കൂട്ടിലേക്ക് പറന്നു പോയി.

# കക്കൂസ്ദിന ആശംസകൾ



**വി ചന്ദ്രബാബു**

ചിത്രീകരണം: കെ.സതീഷ്

**കക്കൂസ് എന്ന് കേൾക്കുമ്പോൾ മുഖം ചുളിയുന്നുണ്ടോ?**

**എന്താവാം അതിന് കാരണം? വൃത്തിഹീനമായ കക്കൂസിന്റെ ദൃശ്യമാണോ നിങ്ങളുടെ മനസ്സിൽ ആദ്യം വരുന്നത്. കക്കൂസ് എന്ന് കേൾക്കുമ്പോൾ ഒരു പൂന്തോട്ടത്തെയാണ് ഓർമ വരുന്നതെങ്കിലോ? നിങ്ങളുടെ മുഖം സന്തോഷം കൊണ്ട് വിടരും.**

**കക്കൂസ് നമ്മുടെ ജീവിതത്തിന്റെ പ്രധാന ഭാഗമാണ്. കിടപ്പുമുറി പോലെ, അടുക്കള പോലെ, വായനാമുറി പോലെ ഏറെ പ്രിയപ്പെട്ട മുറിയാണ് കക്കൂസ് അഥവാ ശുചിമുറി. അത് വൃത്തിയുള്ള മുറിയാവണം, സുന്ദരവുമാകണം.**



നമ്മുടെ ശരീരത്തിന് ആവശ്യമുള്ള പോഷകങ്ങൾ മാത്രം നമുക്ക് ഭക്ഷണ രൂപത്തിൽ ലഭ്യമല്ല. നാം കഴിക്കുന്ന ആഹാരത്തിൽ നമ്മുടെ ശരീരത്തിന് ദഹിപ്പിക്കാനാകാത്ത അംശങ്ങളും ഉണ്ടാകും. അവ നമ്മുടെ ശരീരം പുറന്തള്ളുന്നു. ആ പ്രക്രിയയെ ആണ് നാം വിസർജനം എന്ന് പറയുന്നത്. ആഹാരപദാർഥങ്ങളിലെ ദഹിക്കാതെ ബാക്കിയാവുന്ന അവശിഷ്ടങ്ങൾ വിസർജിക്കുന്നതിനെ മലം എന്ന് പറയുന്നു. ഒപ്പം തന്നെ നമ്മുടെ രക്തത്തിൽ അടിഞ്ഞു കൂടുന്ന മാലിന്യങ്ങളെ മൂത്രത്തിന്റെ രൂപത്തിലും പുറന്തള്ളുന്നു. ജീവികളെ സംബന്ധിച്ചിടത്തോളം ശ്വസിക്കുക, ആഹാരം കഴിക്കുക എന്നത് പോലെ പ്രാധാന്യമുള്ള പ്രവർത്തനമാണ് വിസർജനവും.

നട്ടെല്ലുള്ള ജീവികളെല്ലാം രക്തത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന മാലിന്യങ്ങളെയും ഭക്ഷണത്തിലെ ദഹിക്കാതെ പോകുന്ന അവശിഷ്ടങ്ങളെയും വിസർജ്യമായി പുറന്തള്ളുന്നുണ്ട്. ഉരഗങ്ങളും പക്ഷികളും മൂത്രമൊഴിക്കാറില്ല. മറ്റ ജീവികൾ മൂത്രത്തോടൊപ്പം യൂറിയ പുറന്തള്ളുമ്പോൾ, അവ ഖരരൂപത്തിൽ യൂറിക് ആസിഡ് മലത്തോടൊപ്പം പുറന്തള്ളുന്നു. പല്ലി തുടങ്ങിയ ജീവികളുടെ കാഷ്ഠത്തിൽ കറുത്ത നിറത്തിലും വെളുത്ത നിറത്തിലുമുള്ള ഭാഗം കണ്ടിരിക്കുമല്ലോ. ഈ വെളുത്ത ഭാഗം യൂറിക് ആസിഡാണ്.

എല്ലാ ജീവികളും അവയുടെ വിസർജ്യത്തോട് മുഖം തിരിക്കും. നട്ടുവളർത്തുന്ന ചെടികൾ പശുക്കൾ തിന്നാതിരിക്കാൻ കർഷകർ സാധാരണയായി ചെയ്യുന്ന ഒരു വിദ്യ അവയ്ക്കു മേൽ ചാണകം പുരട്ടുകയാണ്.

വിസർജ്യത്തെപ്പറ്റി ഓർമിപ്പിക്കുന്നത് പോലും അരോചകമായി കരുതുന്നതിനാൽ വിസർജനവുമായി ബന്ധപ്പെട്ട വാക്കുകളും അവയവങ്ങളുടെ പേരുമെല്ലാം ഭംഗിയില്ലാത്ത വാക്കുകളായും അശ്ലീലമായിപ്പോലും ആളുകൾ കരുതുന്നു.

മനുഷ്യർ പരിമിതമായി നാണം മറയ്ക്കാൻ തുടങ്ങിയ കാലത്ത് ലൈംഗികാവയവങ്ങളും വിസർജനാവയവങ്ങളുമാണ് ആദ്യം മറച്ചു തുടങ്ങിയത്. അതോടെയാണ് മലമൂത്ര വിസർജനം മറഞ്ഞിരുന്നു കൊണ്ടേ പാടുള്ളൂ എന്ന തോന്നൽ ഉണ്ടായത്. പൊന്തക്കാടുകളും വിശാലമായ

പറമ്പുകളുമുള്ള പ്രദേശങ്ങളിൽ അതിന് വലിയ പ്രയാസമുണ്ടാ യിരുന്നില്ല. എന്നാൽ അടുത്തടുത്ത് വീടുകളും മറ്റും വന്നതോടെ ഒരു മറയുണ്ടാക്കി അവിടെ മലവിസർജനം നടത്താൻ പലരും നിർബന്ധിതരായി. ചിലർ രാത്രി ആകുന്നത് വരെ കാത്തു നിൽക്കുക പോലും ചെയ്തിരുന്നു. ഒട്ടും സ്ഥലസൗകര്യം ഇല്ലാത്ത നഗരപ്രദേശങ്ങളിൽ പാത്രങ്ങളിൽ മലവിസർജനം നടത്തി അത് ദൂരെയെവിടെയെങ്കിലും കൊണ്ടുപോയി കളയുന്ന പതിവ് പോലും തുടങ്ങി. ചില പാവങ്ങളെ മലം ചുമന്ന് കൊണ്ടു പോകുന്ന ജോലി ചെയ്യാൻ നിർബന്ധിക്കുന്ന സാഹചര്യം പോലും ഉണ്ടായി.

മലം ഒരു സ്ഥലത്ത് തന്നെ കെട്ടിക്കിടക്കുന്നതായാൽ ദുർഗന്ധം പരക്കുന്നതും ഈച്ച പോലുള്ള ജീവികൾ അതിൽ മുട്ടയിട്ട് പെരുകുന്നതുമെല്ലാം വലിയതോതിൽ പ്രയാസമുണ്ടാക്കി. മഴക്കാലത്ത് വെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങളിൽ ഇത്തരം കുഴിക്കക്കൂസുകൾ വലിയ അസൗകര്യം ഉണ്ടാക്കിയിരുന്നു.

ഇന്ത്യയിലെത്തിയ യൂറോപ്യൻമാരാണ് താരതമ്യേന വൃത്തിയുള്ള ആധുനിക ശൗചാലയങ്ങൾ ഇന്ത്യക്കാരെ പരിചയപ്പെടുത്തിയത്. കക്കൂസ് എന്ന വാക്ക് പോർട്ടുഗീസ് ഭാഷയിലുള്ള ഒരു പദമാണ്. മലവിസർജനത്തിന് സഹായകമായ ഒരു പാത്രത്തെ എസ് ആകൃതിയിലുള്ള ഒരു കുഴൽ ഉപയോഗിച്ച് ഒരു കുഴിയുമായി ബന്ധിപ്പിക്കുന്നു എന്നതാണ് ആധുനിക കക്കൂസിന്റെ സംവിധാനം. വെള്ളമൊഴിച്ചാൽ മലം കുഴലിലൂടെ കുഴിയിലേക്ക് വീഴുന്നു. കുഴലിന്റെ വളവിൽ വെള്ളം കെട്ടിക്കിടക്കുന്നതിനാൽ ദുർഗന്ധമുള്ള വായു പുറത്ത് വരികയോ ഈച്ച തുടങ്ങിയ ജീവികൾ കുഴിയിലെത്തുകയോ ചെയ്യുന്നില്ല. സൂക്ഷ്മ ജീവികളുടെ പ്രവർത്തനം കൊണ്ട് മലം ജീർണിക്കുമ്പോൾ ഉണ്ടാകുന്ന വാതകം മുകളിലേക്ക് പോകാൻ നീളം കൂടിയ ഒരു കുഴൽ ഇതിനോടൊപ്പം ഘടിപ്പിക്കുന്നത് പിന്നീടുണ്ടായ ഒരു പരിഷ്ക്കാരമാണ്.

മനുഷ്യമലത്തിൽ വളരുന്ന രോഗകാരികളായ ബാക്ടീരിയകൾ മണ്ണിലൂടെ ജലാശയങ്ങളിലും കിണറിലും മറ്റ് കുടിവെള്ള സ്രോതസ്സുകളിലും എത്തിച്ചേരുന്നു എന്ന് മനസ്സിലാക്കിയപ്പോഴാണ് സുരക്ഷിതമായ ടാങ്കുകളോടു കൂടിയ കക്കൂസുകളെ പറ്റിയുള്ള ആലോചനകൾ ഉണ്ടായത്. കോൺക്രീറ്റ് ചെയ്ത മൂന്ന് അറകളോട് കൂടിയ ടാങ്കിൽ നിശ്ചിത ദിവസം കൊണ്ട് ജീർണിക്കുന്ന വിസർജ്യം യാതൊരു വിധത്തിലുള്ള മലിനീകരണവും ഉണ്ടാക്കുന്നില്ല. സൂക്ഷ്മ ജീവികളുടെ പ്രവർത്തനമാണ് ഇതിന് സഹായിക്കുന്നത്. അതുകൊണ്ടുതന്നെ സൂക്ഷ്മ ജീവികളെ നശിപ്പിക്കുന്ന സോപ്പോഅണുനാശിനികളോ ഒരു കാരണവശാലും കക്കൂസ് ടാങ്കിൽ എത്താതിരിക്കാൻ ശ്രദ്ധിക്കണം. കോൺക്രീറ്റ് ടാങ്കിന് പകരം എടുത്ത് കൊണ്ടുപോകാവുന്ന പ്ലാസ്റ്റിക് ടാങ്കുകളും മറ്റും ഇപ്പോൾ പ്രചാരത്തിലുണ്ട്.




വീട്ടിൽ നിന്ന് കുറേ അകലെ നിർമിച്ചിരുന്ന കക്കൂസുകൾ അധികം വൈകാതെ വീടിനോട് ചേർന്ന് നിർമിക്കാൻ തുടങ്ങി. വീട്ടിലെ കിടപ്പുമുറികളോട് ചേർന്നാണ്

ഇപ്പോൾ കക്കൂസിന്റെ സ്ഥാനം. കിടപ്പുമുറിയോട് ചേർന്നതാകുമ്പോൾ അങ്ങേയറ്റം വൃത്തിയും വെടിപ്പുമുള്ളതുമായി കക്കൂസ് മുറികൾ മാറിക്കഴിഞ്ഞു. പഴയതു പോലെ കാൽപ്പാദത്തിൽ കുത്തിയിരുന്ന് ഉപയോഗിക്കുന്ന ക്ലോസറ്റുകളുടെ സ്ഥാനത്ത് കസേരയിൽ ഇരിക്കുന്നത് പോ ലെ ഉപയോഗിക്കാവുന്ന ക്ലോസറ്റുകൾ പ്രചാരത്തിലായി. കുത്തിയിരിക്കാവുന്ന ക്ലോസറ്റുകൾക്ക് ഇന്ത്യൻ എന്നും ഇരുന്നുപയോഗിക്കാവുന്ന ക്ലോസറ്റുകൾക്ക് വെസ്റ്റേൺ (പാശ്ചാത്യം) എന്നുമാണ് പേരിട്ടിരിക്കുന്നത്.

ഇത്രയൊക്കെ ആയപ്പോഴേക്കും കക്കൂസ് എന്ന പേര് പരിഷ്ക്കാരമില്ലാത്തതാണെന്ന് ആളുകൾക്ക് തോന്നിത്തുടങ്ങുന്നുണ്ട്. ശുചിമുറി, ശൗചാലയം എന്ന പേരുകൾക്കോ ലാട്രിൻ എന്ന ഇംഗ്ലീഷ് പേരിനോ ഭംഗി തോന്നാത്തതിനാൽ ടോയ്‌ലറ്റ്, ബാത്ത് റൂം, വാഷ്റൂം, റസ്റ്റ് റൂം എന്നൊക്കെ ആണ് ഇപ്പോൾ കക്കൂസിന്റെ പേരുകൾ. പേരെന്തു തന്നെ ആയാലും മലമൂത്രവിസർജനം എന്നത് നമ്മുടെ ജീവിതത്തിലെ വളരെ പ്രധാനപ്പെട്ട പ്രക്രിയയാണെന്ന് നമുക്ക് ബോധ്യമുണ്ടാകണം. അത് കഴിവതും നിശ്ചിതമായ ഇടവേളകളിൽ നിർവഹിക്കാൻ ശ്രദ്ധിക്കണം.




നന്നായി വെള്ളം കുടിക്കാനും മലബന്ധം ഉണ്ടാകാത്ത ആഹാരം കഴിക്കാനുമെല്ലാം ശ്രദ്ധവേണം. പച്ചക്കറികളും പഴങ്ങളും നമ്മുടെ ആഹാരത്തിൽ പതിവായി ഉൾപ്പെടുത്തണം. മലവിസർജനം കഴിഞ്ഞാൽ കൈകൾ സോപ്പ് ഉപയോഗിച്ച് വൃത്തിയായി കഴുകണം. ശുചിമുറി ശുചിയായി പരിപാലിക്കണം. സോപ്പോ അണുനാശിനികളോ കക്കൂസ് ടാങ്കിൽ എത്തുന്നില്ല എന്ന് ഉറപ്പുവരുത്തുകയും വേണം.

മലമൂത്ര വിസർജനത്തെപ്പറ്റി പറയുന്നതും പരാമർശിക്കുന്നതും അഭംഗിയാണെന്ന തോന്നലിൽ നിന്നാണ് അതേപ്പറ്റി പ്രതീകരൂപത്തിലും മറ്റും ആളുകൾക്ക് പറയേണ്ടി വരുന്നത്. മൂത്രമൊഴിക്കുന്നതിന് ഒന്ന് എന്നും മലവിസർജനത്തിന് രണ്ട് എന്നും പറയുക എന്നത് ഇപ്പോൾ സാർവദേശീയമായിതന്നെ തിരിച്ചറിയുന്ന സൂചനയാണ്. ചിലപ്പോൾ ഒരു വിരൽ ഉയർത്തിക്കൊണ്ട് കുട്ടികൾ അധ്യാപകരോട് അനുവാദം ചോദിക്കുക പോലും ചെയ്യാറുണ്ട്.


ലോകത്ത് ഇ ന്നും സുരക്ഷിതമായ കക്കൂസുകളില്ലാത്ത അറുപത് കോടിയോളം കുടുംബങ്ങളുണ്ട് എന്നാണ് കണക്ക്. കേരളത്തിൽ ശാസ്ത്രസാഹിത്യ പരിഷത്ത് പോലുള്ള സംഘടനകൾ 1980ന്റെ തുടക്കത്തിൽ കക്കൂസ് പ്രചരിപ്പിക്കാൻ നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

"ഓരോ വീടിനുമോരോ നല്ലൊരു കക്കൂസാ

## അന്താരാഷ്ട്ര ടോയ്‌ലറ്റ് മ്യൂസിയം



1992ൽ ഡൽഹിയിൽ ആരംഭിച്ച ഈ മ്യൂസിയത്തിൽ മനുഷ്യ നാഗരികതയുടെ തുടക്കം തൊട്ടേ വിവിധ നാട്ടുകളിൽ ഉണ്ടായിരുന്ന ശുചീകരണ സംവിധാനങ്ങളെപ്പറ്റിയുള്ള വിവരണങ്ങളും മാതൃകകളുമുണ്ട്. സുലഭ് ഇന്റർനാഷണൽ എന്ന സംഘടനയാണ് ഈ മ്യൂസിയം സ്ഥാപിച്ചത്.



# പലതരം ടോയ്‌ലറ്റുകൾ

## ഫ്ലഷ് ടോയ്‌ലറ്റ്

വെള്ളം ഒഴിച്ചു കൊടുക്കുന്നതിന് പകരം തൊട്ടടുത്തായി ഘടിപ്പിച്ച ടാങ്കിന്റെ ഒരു ഭാഗത്ത് അമർത്തിയാൽ വെള്ളം ശക്തിയായി ക്ലോസറ്റിലേക്ക് വന്ന് വീഴുന്ന സംവിധാനമുള്ളവയാണ് ഫ്ലഷ് ടോയ്‌ലറ്റുകൾ.



## വായുശൂന്യമായ ടോയ്‌ലറ്റുകൾ (വാക്വം ടോയ്‌ലറ്റുകൾ)



വിമാനങ്ങളിലും മറ്റും വെള്ളത്തിന്റെ അളവ് നിയന്ത്രിക്കാൻ വായുശൂന്യമാക്കിയ പമ്പുകളുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ടോയ്‌ലറ്റുകൾ ആണ് ഉപയോഗിക്കുന്നത്. വിസർജ്യം വെള്ളം ഒഴിക്കാതെതന്നെ ടാങ്കിൽ എത്തുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. ബഹിരാകാശ നിലയത്തിലും സമാനമായ ടോയ്‌ലറ്റാണ് ഉപയോഗി ക്കുന്നത്. ബഹിരാകാശ നിലയത്തിൽ അന്തേവാസികളുടെ മൂത്രം ശേഖരിച്ച് ശുദ്ധീകരിച്ച് വീണ്ടും കുടിക്കാനും മറ്റും ഉപയോഗപ്പെടുത്താറുണ്ട്.

## ബയോടോയ്‌ലറ്റുകൾ

ട്രെയിനിലും മറ്റുമുള്ള ടോയ്‌ലറ്റുകൾ റയിൽപ്പാളത്തിലേക്ക് തുറന്നു കിടക്കുന്നവയായിരുന്നു. ഇന്ത്യൻ റയിൽവേയ്ക്ക് ഏറെ ദുഷ്പേരുണ്ടാക്കിയിരുന്ന ഈ അവസ്ഥയ്ക്ക് ബയോടോയ്‌ലറ്റുകൾ ആരംഭിച്ചതോടെ വലിയ മാറ്റമുണ്ടാക്കാനായിട്ടുണ്ട്. ട്രെയിനിലെ എല്ലാ ടോയ്‌ലറ്റുകളെയും ഒരു ടാങ്കുമായി ബന്ധിപ്പിച്ച് സൂക്ഷ്മജീവികളുടെ സഹായത്തോടെ മാലിന്യം സംസ്കരിക്കുകയാണ് ഈ സംവിധാനത്തിലൂടെ ചെയ്യുന്നത്.



ണിന്നാദ്യം വേണ്ടത്, കൊട്ടാരത്തിലെ എയർക്കണ്ടീഷൻ പിന്നീടാവാലോ..." എന്ന പാട്ട് പാടിക്കൊണ്ടുള്ള കലാജാഥയും മറ്റും പരിഷത്ത് അക്കാലത്ത് സംഘടിപ്പിച്ചിരുന്നു. ജനകീയാസൂത്രണം പോലുള്ള പരിപാടികളുടെ ഭാഗമായാണ് കേരളത്തിൽ ഇന്ന് എല്ലാ വീടുകളിലും വൃത്തിയുള്ള കക്കൂസ് എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞത്.

2013 ലാണ് എല്ലാ വർഷവും നവംബർ 19 ലോക ടോയ്‌ലറ്റ് ദിനമായി ആചരിക്കാൻ ഐക്യരാഷ്ട്ര സംഘടന തീരുമാനിച്ചത്. മനുഷ്യന്റെ അന്തസ്സിനും സ്ത്രീകളുടെ സുരക്ഷിതത്വത്തിനും പലതരം രോഗങ്ങൾ തടയാനും ആരോഗ്യകരമായ ടോയ്‌ലറ്റുകൾ ലോകത്ത് എല്ലാവർക്കും ആവശ്യമാണ് എന്ന കാഴ്ചപ്പാട് പ്രചരിപ്പിക്കുക എന്നതാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

## അത്യാധുനിക സംവിധാനങ്ങളോട് കൂടിയ ടോയ്‌ലറ്റുകൾ (ഹൈടെക് ടോയ്‌ലറ്റുകൾ)

ഇലക്ട്രോണിക് സംവിധാനങ്ങളോട് കൂടിയ ടോയ്‌ലറ്റുകൾ ഇന്ന് ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽ സർവസാധാരണമായിരിക്കുന്നു. സ്വയം നിയന്ത്രിതമായ ഫ്ലഷിങ് സംവിധാനങ്ങൾ, നനവില്ലാതെ സൂക്ഷിക്കാൻ ചൂട് കാറ്റ്, വിസർജനത്തിന് ശേഷം ശരീരഭാഗങ്ങൾ വൃത്തിയാക്കുന്നതിനുള്ള പ്രത്യേക സംവിധാനങ്ങൾ എന്നിവയൊക്കെയാണ് ഇതിന്റെ സവിശേഷത. ഇതുകൂടാതെ മല മൂത്ര പരിശോധന രക്തസമ്മർദം, ശരീരോഷ്മാവ് എന്നിവ അളക്കാനുള്ള സംവിധാനങ്ങളും ടോയ്‌ലറ്റുകളിൽ ലഭ്യമാണ് .





## ഒഴുകുന്ന ടോയ്‌ലറ്റ് (ഫ്ലോട്ടിങ് ടോയ്‌ലറ്റ്)

ഇടയ്ക്കിടെ വെള്ളപ്പൊക്കമുണ്ടാകുന്ന സ്ഥലങ്ങളിൽ ടോയ്‌ലറ്റുകളിൽ വെള്ളം കയറുന്നത് വലിയ പ്രയാസങ്ങൾ സൃഷ്ടിക്കാറുണ്ട്. അത്തരം പ്രദേശങ്ങളിൽ ജലനിരപ്പിൽ പൊങ്ങിനിൽക്കുന്ന തരത്തിലുള്ള ടോയ്‌ലറ്റുകൾ ഏറെ സൗകര്യപ്രദമാണ്.

## എടുത്തു മാറ്റാവുന്ന ടോയ്‌ലറ്റുകൾ (പോർട്ടബിൾ ടോയ്‌ലറ്റുകൾ)

പ്ലാസ്റ്റിക് കൊണ്ട് നിർമിച്ച ടാങ്കിലേക്ക് ഘടിപ്പിക്കുന്ന ക്ലോസറ്റുകളാണ് ഈ സംവിധാനത്തിൽ ഉള്ളത്. കുറേ ആളുകൾ ഒത്തുകൂടുന്ന ക്യാമ്പുകളും സമ്മേളനങ്ങളും നടക്കുന്ന സ്ഥലങ്ങളിൽ ഇത്തരം ടോയ്‌ലെറ്റുകൾ ഏറെ സൗകര്യപ്രദമാണ്.



## ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള ടോയ്‌ലറ്റുകൾ

ഭിന്നശേഷിക്കാരെ പരിഗണിച്ചു കൊണ്ടാവണം പൊതുസ്ഥലങ്ങളിലെ എല്ലാ തരത്തിലുമുള്ള നിർമാണങ്ങളും നടത്തേണ്ടത്. ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള ടോയ്‌ലറ്റ് കഴിവതും ആദ്യനിലയിൽ തന്നെ ആയിരിക്കണം. ഇരിക്കാൻ സൗകര്യമുള്ള പാശ്ചാത്യ മാതൃകയിലുള്ള ടോയ്‌ലറ്റായിരിക്കും അവർക്ക് ഏറെ സൗകര്യം. ടോയ്‌ലറ്റിൽ പിടിച്ച് ഇരിക്കാൻ സൗകര്യപ്രദമായ കൈപ്പിടികളും മറ്റും ഉണ്ടായിരിക്കുകയും വേണം.


## കുട്ടിത്തേൻകിളിയുടെ

# ആദ്യത്തെ പറക്കൽ



**ഡോ. ലിജിഷ എ.ടി.**

ചിത്രീകരണം: രാജേന്ദ്രൻ



തേൻകിളിക്കൂട്ടിൽ നിന്ന് കുട്ടിക്കിളി പാറിപ്പോയി. എന്തു രസായിരുന്നു ആ തത്തിപ്പറക്കൽ കാണാൻ!

പച്ച കലർന്ന തവിട്ടു നിറത്തിലുള്ള പുറവും ഇളംമഞ്ഞയിളംപച്ച ചേർന്നൊരു വയറും, നീണ്ട കൊക്കുകളും..

പത്തുപതിനാറു ദിവസമായി അമ്മ – പപ്പക്കിളികളോടൊപ്പം ചിന്നുവും കാവലിരിക്കുകയായിരുന്നു ആ കുട്ടിക്കിളിയ്ക്കു വേണ്ടി. ചിന്നു അമ്മക്കിളി കൂടുണ്ടാക്കാൻ തുടങ്ങിയ ദിവസം മുതലുള്ള കാര്യങ്ങൾ ഓർത്തു നോക്കി. തിളങ്ങുന്ന നീലയും കറുപ്പും നിറമുള്ള ആൺതേൻകിളിയും പച്ചകലർന്ന തവിട്ട് പുറവും ഇളംപച്ചയിളംമഞ്ഞ വയറുമുള്ള പെൺ തേൻകിളിയും കുറച്ചു ദിവസമായി വീട്ടുമുറ്റത്തെ പേരക്കൊമ്പിലും ബദാം മരത്തിലുമൊക്കെ കൊഞ്ചിപ്പറക്കുന്നത് ചിന്നു ശ്രദ്ധിച്ചിട്ടുണ്ടായിരുന്നു. Long billed Sunbird എന്നാണ് അവയുടെ ഇംഗ്ലീഷ്പേരെന്ന് ചിന്നു പൊന്നുച്ചേച്ചിയോട് ചോദിച്ച് മനസ്സിലാക്കിയിട്ടുണ്ടായിരുന്നു. മലയാളത്തിൽ കൊക്കൻ തേൻ കിളിയെന്നാണ് പറയുന്നത്. രാവിലെ കലപില ഒച്ചയുണ്ടാക്കി പ്ലാവിനു



മുകളിലെ ഇത്തിൾ വള്ളിയിലും മറ്റും തേൻ കുടിച്ചു രസിക്കുന്ന അവർ വൈകുന്നേരമാവുമ്പോഴാണ് ഓറഞ്ചു ചെമ്പരത്തിയിലെ തേൻ കുടിക്കാനെത്തിയിരുന്നത്.

പേരമരത്തിൽ പടർന്നു കയറിയ കോവൽ വള്ളിയിൽ പെൺകിളി കൂടുണ്ടാക്കുന്നതു കണ്ടപ്പോൾ ചിന്നുവിന് സന്തോഷമടക്കാനായില്ല. സ്വന്തം വീട്ടുമുറ്റത്തൊരു കിളി കൂടുണ്ടാക്കുകയെന്നത് അവളുടെ സ്വപ്നമായിരുന്നു. കിളികളെ അത്രയ്ക്കിഷ്ടമായിരുന്നു അവൾക്ക്. നാരുകളും കരിയിലകളും മാറാലകളുമൊക്കെയുപയോഗിച്ചാണ് പെൺകിളി തൂങ്ങിക്കിടക്കുന്ന കൂടുണ്ടാക്കിയിരുന്നത്. പരിസരം വീക്ഷിച്ചുകൊണ്ട് ആൺകിളി തൊട്ടടുത്തെവിടെയെങ്കിലും തന്നെ ഇരിപ്പുണ്ടാവും. ജനലിന്റെ കണ്ണാടി ഗ്ലാസിൽ തന്റെ രൂപം പ്രതിഫലിച്ചു കാണുമ്പോഴൊക്കെ ആൺകിളി മറ്റേതോ കിളിപ്പയ്യൻ തന്റെ പെണ്ണിനെ ലൈനടിക്കാൻ വന്നതാണെന്ന് കരുതി പാഞ്ഞു വന്ന് ജനൽച്ചില്ലിൽ കൊത്തിക്കൊണ്ടിരിക്കും. അതു കാണുമ്പോൾ ചിന്നുവിന് ചിരി വരുമെങ്കിലും ആൺകിളിക്ക് പരിക്കു പറ്റിയാലോ എന്നു കരുതി അവൾ ജനൽപാളികൾ തുറന്നു വെയ്ക്കും.

കൂടുപണി തീർന്നതോടെ പെൺകിളി കൂട്ടിൽ കയറിയിരിപ്പായി. ഇടയ്ക്ക് തീറ്റ തേടിപ്പോകുമെങ്കിലും ഉടൻ തന്നെ മടങ്ങിയെത്തി, കൂട്ടിലിരുന്ന് കൊക്കു പുറത്തേക്കിട്ടിരിക്കും. എന്നും രാവിലെ കിളികളെ നോക്കിയിരിക്കുന്നത് ചിന്നുവിനൊരു പതിവായിത്തീർന്നു. കൊറോണക്കാലമായതിനാൽ സ്കൂളിനവധിയുമാണല്ലോ.

ഒരു ദിവസം ചിന്നു ടെറസിൽ കയറി നോക്കുമ്പോൾ കൂടിന്റെ മുകൾ വശം മാത്രം വള്ളിയിൽ തൂങ്ങി നിൽപ്പുണ്ട്. ബാക്കി ഭാഗം കാണാനില്ല! ചിന്നുവാകെ ഞെട്ടിപ്പോയി. അവൾ ടെറസിൽ നിന്ന് ഓടിയിറങ്ങി താഴെ വന്ന് നോക്കുമ്പോൾ, മണ്ണിൽ കൂടു കിടക്കുന്നുണ്ടായിരുന്നു! തുടർച്ചയായി പെയ്തു കൊണ്ടിരുന്ന മഴയിൽ കൂടു ദ്രവിച്ചതാണോ അതോ മറ്റേതെങ്കിലും പക്ഷികൾ ആക്രമിച്ചതാണോ കൂടു പൊട്ടിവീഴാൻ കാരണമായതെന്ന് ചിന്നുവിന് മനസ്സിലായില്ല. കിളികളാണെങ്കിൽ ബദാം മരത്തിലും പേരക്കൊമ്പിലും മാറി മാറിയിരുന്ന് കരച്ചിലോടു കരച്ചിൽ തന്നെ! ചിന്നു ഓടിച്ചെന്ന് കൂടെടുത്ത് പരിശോധിച്ചു. പപ്പും പൂടയും വരാത്ത ഒരു കിളിക്കുട്ടി വായും പൊളിച്ചു കിടപ്പുണ്ടായിരുന്നു അതിൽ! കിളിക്കുട്ടിയുടെ മേലാകെ ഉറുമ്പു പൊതിഞ്ഞിരുന്നു. അവൾ വേഗം ഒരു പേപ്പറിലേക്ക് കിളിക്കുട്ടിയെ കിടത്തി ഉറുമ്പുകളെ തട്ടി മാറ്റി. പിന്നെ വീണ്ടും കൂടിനകത്തേക്കു തന്നെ കിളിക്കുട്ടിയെ കൈ കൊണ്ടു തൊടാതെ പേപ്പറിൽ കോരിയെടുത്ത് വെച്ചു. തേൻകിളികൾ രണ്ടു മുട്ടകളാണിടാറെന്ന് ചിന്നുവിനറിയാമായിരുന്നു. അതു കൊണ്ടവൾ കൂടു വീണ സ്ഥലത്ത് ഒന്നുകൂടി പരിശോധിച്ചു. മുല്ലച്ചെടിയുടെ ചുവട്ടിൽ ഉറുമ്പരിച്ച നിലയിൽ ഒരു കിളിക്കുട്ടി കൂടി കിടപ്പുണ്ടായിരുന്നു. ഉറുമ്പുകടി കൊണ്ടിട്ടാണോ അതോ ഉയരത്തിൽ നിന്നു വീണതു കൊണ്ടാണോ എന്തോ ആ കിളിക്കുട്ടി അപ്പോഴേക്ക് മരിച്ചു പോയിരുന്നു! ചിന്നു സങ്കടത്തോടെ ആ കുഞ്ഞു മൃതദേഹം ഒരു കുഴി കുത്തി മൂടി. ശേഷം കൂടും കൊണ്ട് ടെറസിലേക്ക് കയറി. കൂടിനിടയിലൂടെ ചെറിയൊരു കയറിട്ട് ആദ്യം കൂടിരുന്ന സ്ഥലത്തു തന്നെ കെട്ടിവെച്ചു. അമ്മക്കിളി കൂട്ടിലേക്കിനി മടങ്ങിവന്നില്ലെങ്കിലോ എന്നു പേടിച്ച് ടെറസിൽ തന്നെ മറഞ്ഞിരുന്നു. അൽപ്പ നേരം കഴിഞ്ഞപ്പോൾ അമ്മക്കിളി കൊ

ക്കിലൊരു പ്രാണിയെയും കൊണ്ട് കൂടിനടുത്തേക്ക് വരികയും കുഞ്ഞിക്കിളിയുടെ വായിലേക്ക് വെച്ചു കൊടുക്കുകയും ചെയ്തു. അതു കണ്ടതോടെ ചിന്നു ആശ്വാസത്തോടെ ഒരു നെടുവീർപ്പിട്ട് താഴേക്കിറങ്ങിപ്പോയി. അമ്മക്കിളിയും പപ്പക്കിളിയും കുഞ്ഞിനു തീറ്റയുമായി പറന്നു വരുമായിരുന്നു. എട്ടുകാലിയേയോ പുഴുക്കളെയോ ഒക്കെ കൊക്കിനുള്ളിലാക്കി പറന്നു വന്ന് കുട്ടിക്കിളിയുടെ കൊക്കിലേക്ക് വെച്ചു കൊടുക്കും.

കുട്ടിക്കിളിക്ക് തൂവലുകളൊക്കെ മുളച്ചു തുടങ്ങിയെന്ന് ചിന്നു ടെറസിൽ നിന്നുള്ള നിരീക്ഷണത്തിൽ നിന്നു മനസ്സിലാക്കി. കാര്യങ്ങൾ കുഴപ്പമില്ലാതെ നീങ്ങിക്കൊണ്ടിരിക്കുന്നതിനിടയിലാണ് മറ്റൊരപകടം പതിയിരിക്കുന്നത് ചിന്നു ശ്രദ്ധിച്ചത്. അടുക്കളപ്ലാവിന്റെ കൊമ്പത്ത് കൂടുണ്ടാക്കിയ കാക്കകൾ കിളിക്കൂട് കണ്ടുപിടിക്കുകയും കിളിക്കൂടിനു ചുറ്റും തക്കം പാർത്ത് പറക്കുകയും ചെയ്യുന്നുണ്ടായിരുന്നു! ചിന്നുവിന് വീണ്ടും പരിഭ്രമമായി. എല്ലാ സമയത്തും കൂടിന് കാവലിരിക്കാൻ ചിന്നുവിന് കഴിയില്ലല്ലോ.. കാക്കകൾ ആക്രമിക്കാൻ വന്നാൽ തേൻകിളികൾക്കും ഒന്നും ചെയ്യാൻ സാധിക്കില്ല. ചിന്നു കുറച്ചുനേരം ആലോചിച്ചു. പിന്നെ അമ്മ കൊപ്രയുണക്കാനിടുമ്പോൾ മൂടാനുപയോഗിക്കുന്ന വലയെടുത്ത് പേരക്കൊമ്പിലൂടെയിട്ടു. ഒരു വശത്തുടെ കിളികൾക്കു കൂട്ടിലേക്കു പറന്നു വരാൻ സാധിക്കും. ടെറസുവഴി കാക്കകൾക്കൊരിക്കലും കൂടിലേക്കു കയറാൻ സാധിക്കുകയുമില്ല.. മാത്രമല്ല മുകളിൽ നിന്നു നോക്കിയാൽ കൂടൊട്ടു കാണുകയുമില്ല. ദിവസങ്ങൾ വീണ്ടും കടന്നുപോയി..

ഒക്ടോബർ മാസത്തിന്റെ ചെറിയ തണുപ്പുള്ള പ്രഭാതം. ഓറഞ്ചു ചെമ്പരത്തിയിൽ നിറയെ പൂക്കൾ വിരിഞ്ഞിരുന്നു. ചെറുതായി വെയിൽ വന്നു തുടങ്ങി... കിളികളുടെ





പതിവില്ലാത്ത ഒച്ചപ്പാടും കുട്ടിക്കിളിയുടെ ഒച്ചയും കേട്ടപ്പോൾത്തന്നെ കുട്ടിക്കിളി പറക്കാൻ റെഡിയായെന്ന് ചിന്നുവിന്റെ മനസു പറഞ്ഞു. ചിന്നു ടെറസിലേക്കോടിച്ചെന്നു. അമ്മക്കിളിയും പപ്പക്കിളിയും കുട്ടിക്കിളിയെ പുറത്തേക്കിറക്കാനുള്ള ശ്രമത്തിലായിരുന്നു. കുട്ടിക്കിളി പതിയെ കൂട്ടിൽ നിന്ന് പാറി നോക്കി. വീഴുമെന്ന് തോന്നിയപ്പോൾ പേരയിലയിൽ പിടിച്ച് കൊമ്പിലേക്കിരുന്നു. അമ്മക്കിളിയും പപ്പക്കിളിയും പാറി വന്ന് കുട്ടിക്കിളിയുടെ അടുത്തിരുന്നു ചെറു ശബ്ദങ്ങളുണ്ടാക്കി. അവളെ പ്രോത്സാഹിപ്പിക്കുകയാവണം! ശേഷം രണ്ടു പേരും അങ്ങോട്ടുമിങ്ങോട്ടും പാറി അൽപം ഉയർന്ന കൊമ്പിലിരുന്നു. കുട്ടിക്കിളി വീണ്ടും പറന്നു നോക്കി. പേരക്കൊമ്പിൽ നിന്ന് ബദാം മരത്തിലേക്കും ബദാം മരത്തിൽ നിന്ന് പ്ലാവിലേക്കും കുട്ടിക്കിളിയെ അമ്മയും പപ്പയും പറത്തി. ഒടുവിൽ പ്ലാവിൻ കൊമ്പിൽ പടർന്നു പിടിച്ച ഇത്തിൾക്കണ്ണിയുടെ പർപ്പിൾ നിറമുള്ള നീണ്ട പൂക്കളിൽ നിന്ന് തേനെടുക്കാൻ വരെ പഠിപ്പിച്ചു! അപ്പോഴേക്ക് കുട്ടിക്കിളിയാകെ ഉഷാറായിട്ടുണ്ടായിരുന്നു. സ്വന്തമായി തേൻ കുടിക്കാൻ പഠിച്ച സന്തോഷത്തിൽ കുട്ടിക്കിളി വ്വീക്ക് .. വ്വീക്ക് എന്നൊച്ചയുണ്ടാക്കിക്കൊണ്ടിരുന്നു! അമ്മക്കിളിയും പപ്പക്കിളിയും കൂടെക്കൂടി. മൂന്നുപേരുടേയും ബഹളത്തിനോടൊപ്പം ബുൾബുളുകളുടെ കൊഞ്ചലും വണ്ണാത്തിക്കിളിയുടെ സംഗീതവും കൂടിയായപ്പോൾ കിളികിളിയാരവം തന്നെയായി!

പുതിയ പൂക്കൾ തേടി അമ്മക്കിളിയും പപ്പക്കിളിയും കുട്ടിക്കിളിയും പറന്നു പോകുന്നതു നോക്കി ചിന്നു ടെറസിലിരുന്നു. കോവൽ വള്ളിയിലെ ഒഴിഞ്ഞ കൂട് നേർത്ത കാറ്റിലാടിക്കൊണ്ടിരുന്നു.. അടുത്ത സീസണിൽ മുട്ടയിടാൻ അവരീ കൂടിലേക്ക് തന്നെ മടങ്ങിയെത്തണേയെന്ന് അവളാഗ്രഹിച്ചു.

# കാഴ്ചപ്പുറം

സുരഭിവചന

## ദിനാചരണം







ഇങ്ങനെയൊരു ദിനമുണ്ടോ?

ഉണ്ടല്ലോ. ഓറഞ്ച് നിറം എന്നാൽ ശുഭാപ്തിവിശ്വാസത്തിന്റെ നിറമാണ്. അതുകൊ നവംബർ 25 ന് അങ്ങനെ ഒരു രാജ്യാന്തര ദിനം ആചരിക്കാൻ ഐക്യരാഷ്ട്രസഭ ആഹ്വാനം ന്നത്. സംഭവം ശരിതന്നെ. പക്ഷേ, ആർക്കാണ് ശുഭാപ്തിവിശ്വാസം. അതാണ് പറയുന്നത്. ക ദിവസവും സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെ അതിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുക

## ശരീരശാസ്ത്രം

# കണ്ടുപിടിച്ചേ...

മനുഷ്യശരീരത്തിൽ നമ്മളറിയാത്തതും ആരോഗ്യശാസ്ത്രജ്ഞർ അറിയാത്തതുമായ ഏതു ഭാഗമാണല്ലേ ഉള്ളത്. എന്നാൽ ഉണ്ട്. കേട്ടോളൂ. നമ്മൾ പല കണ്ടുപിടുത്തങ്ങളും ചുറ്റുപാടിൽനിന്നും പ്രപഞ്ചത്തിൽ നിന്നും കണ്ടുപിടിക്കുന്നപോലെ നെതർലാന്റ്സിലെ ശാസ്ത്രജ്ഞർ മനുഷ്യശരീരത്തിൽ നിന്നും ഒരു പുതിയ അവയവം കണ്ടെത്തിക്കഴിഞ്ഞിരിക്കുന്നു. നീട്ടിക്കൊണ്ടുപോവാതെ ഇനി ഏതാണെന്ന് പറയാം. മൂക്കിന് പിന്നിൽ തൊണ്ടയുടെ മുകളിൽ, ഉൾഭാഗത്തായാണ് ഈ കണ്ടെത്തിയ ഒരു ജോഡി ഉമിനീർ ഗ്രന്ഥികൾ (salivary glands) ഉള്ളത്. കാൻസറുമായി ബന്ധപ്പെട്ട ചില 'സ്കാൻ' ഗവേഷണങ്ങൾക്കിടയിലാണ് ഇങ്ങനെയൊരു ശരീരഭാഗം മനുഷ്യർക്കുണ്ടെന്ന് അബദ്ധത്തിൽ ശ്രദ്ധയിൽപ്പെടുന്നത്. കാൻസർ ചികിത്സാരംഗത്ത് ഏറെ പ്രാധാന്യമുണ്ടെന്നാണ് ഈ കണ്ടുപിടുത്തത്തെപ്പറ്റി റേഡിയോ തെറാപ്പി ആന്റ് ഓങ്കോളജി എന്ന മാസിക പറയുന്നത്.






## ചരിത്രം

# 'ലോകപിതാവ്!'

ഇതൊരു കഥയല്ല. നടന്ന ചരിത്രമാണ്. ജെങ്കിസ് ഖാൻ എന്ന ഭരണാധികാരിയെ കേട്ടിട്ടുണ്ടോ? മംഗോളിയ സാമ്രാജ്യത്തിന്റെ അധിപൻ. ഒരിക്കൽ ഭൂമിയിലെ കരഭാഗത്തിന്റെ 16 ശതമാനവും കയ്യടക്കി ഭരിച്ചത് ഇദ്ദേഹമായിരുന്നു. ലോകജനതയുടെ നാലിലൊന്ന് വരുമിത്. മംഗോൾ സാമ്രാജ്യം നിലനിന്ന പ്രദേശങ്ങളിലെ ആണുങ്ങളുടെ 8 ശതമാനത്തിന്റെ പൂർവ പിതാവ് ഇദ്ദേഹമാണ്. ഓരോയിടം കീഴടക്കുമ്പോഴും വലിയ തോതിൽ സ്ത്രീകളെ പിടികൂടി ഭാര്യമാരാക്കിവയ്ക്കും. മക്കളും പിതാവിന്റെ രീതിയാണ് പിന്തുടർന്നത്. ഒരു മകന് നാൽപ്പതിലേറെ മക്കൾ ഉണ്ടായിരുന്നത്രേ. അതാണിത്രയും പിൻമുറക്കാർ. അതായത് ലോക ജനസംഖ്യയിലെ ഇരുന്നൂറിലൊന്ന് ആണുങ്ങളും ജെങ്കിസ് ഖാന്റെ മക്കളുടെ മക്കളുടെ മക്കളുടെ... മക്കൾ ആണ്.



# ലരുന്നു...,
# ഓറഞ്ച് ദിനം

ന്ദാണ്
ം ചെയ്യ
ണ്ടില്ലേ,
യാണ്.

നമ്മുടെ ഇന്ത്യയിൽ മാത്രമല്ല ലോകം മുഴുവനുണ്ട്. ഇവർക്കു നേരെയുള്ള അതിക്രമങ്ങൾ ഇല്ലാതാക്കുക എന്നാണ് ഈ ദിനത്തിന്റെ ലക്ഷ്യം. സ്ത്രീകളോടുള്ള വിവേചനവും അതിക്രമവും അവസാനിപ്പിക്കാൻ പ്രചാരണം നടത്തുക കൂടിയാണ് ഈ ദിനത്തിന്റെ ലക്ഷ്യങ്ങളിലെ മുഖ്യമായ ഒന്ന്.

എന്തായാലും ഇന്ത്യയിൽ സ്ത്രീകളോടുള്ള അതിക്രമങ്ങൾ വ്യാപിച്ചുകൊണ്ടിരിക്കുന്ന അവസരത്തിലാണല്ലോ ഈ ദിനം വന്നെത്തുന്നത്. പ്രചാരണങ്ങൾ നമുക്കെല്ലാവർക്കും ശക്തമാക്കാം.

**ചുറ്റുപാട്**

## പോ... എവറസ്റ്റേ...

**ോ...** എവറസ്റ്റേ...
കടലൊന്ന് വറ്റിയാൽ കാണാമായിരുന്നു. നിന്റെ സ്ഥാനം."
ണ്ട് കിയ', മൗണ്ട് എവറസ്റ്റിനോട് പറഞ്ഞു.
യൊന്ന് മിണ്ടാതിരി. കടല് വറ്റിയതു തന്നെ!" മൗണ്ട് സ്റ്റ് കണ്ണുതുറക്കാതെ മൗണ്ട് കിയയോട് കാറ്റിൽ രിച്ചു.
ാ കാര്യം?
കത്തിലെ ഏറ്റവും ഉയരമുള്ള കൊടുമുടി മൗണ്ട് കി ്. അമേരിക്കൻ ഐക്യനാട്ടിലെ ഹവായ് ദ്വീപിലാ ഉയരം 9966 മീറ്റർ ഉയരം. നമ്മൾ പഠിച്ചു ാക്കിയ എവറസ്റ്റിന്റെ ഉയരമോ വെറും 8848 മീറ്റർ. എവറസ്റ്റ് പറഞ്ഞത് കേട്ടോ. കടല് വറ്റിയത് തന്നെ എന്ന്. എന്താ കാര്യം? നമ്മുടെ മൗണ്ട് കിയയുടെ ആകെ ഉയരത്തിന്റെ പകുതിയിലേറെ നിൽക്കുന്നത് കടലിന്നടിയിലാണ്. വെറും 4205 മീറ്ററാണ് സമുദ്രത്തിന് മുകളിൽ കാണുന്നത്. അപ്പോൾ സമുദ്രനിരപ്പിൽനിന്ന് ഏറ്റവും ഉയരത്തിൽ സ്ഥിതിചെയ്യുന്ന എവറസ്റ്റിന് തന്നെ 'കപ്പ്' അല്ലേ?




**പുതിയ വാർത്ത**

## മനുഷ്യനെ അനുസരിപ്പിക്കുന്ന യന്ത്രം!

ചിത്രം നോക്കൂ...

കാഴ്ചയ്ക്ക് ഒരു നായയാണോ? സംശയിക്കേണ്ട നായ തന്നെ. യന്ത്രനായയാണ്. കോവിഡ് 19 മൂലം പുറത്തിറങ്ങുന്നവർ വേണ്ടത്ര അകലം പാലിക്കുന്നുണ്ടോ? മാസ്ക് ശരിയായി ഇടുന്നുണ്ടോ? എന്നൊക്കെ നോക്കാൻ സിങ്കപ്പൂരിൽ ഇറക്കിയ ഒരു യന്ത്ര നായയാണിത്. 'സ്പോട്ട്' എന്ന് പേര്. യന്ത്രക്കാലും കൊണ്ട് മുപ്പർ എതു പ്രതലത്തിലും നടക്കും. റിമോട്ട് കൺട്രോൾ, വീഡിയോ ക്യാമറ, 3 ഡി മാപ്പിങ് എല്ലാം ഇതിൽ ഘടിപ്പിച്ചിട്ടുണ്ട്. ഇഷ്ടന്റെ പ്രധാന ചുമതലകൾ : വീഡിയോ കൊണ്ട് ആളുകളുടെ എണ്ണമെടുക്കും. കൂടിയിരിക്കുന്നവരെ കണ്ടാൽ സ്പീക്കറിലൂടെ അകന്നിരിക്കാൻ പറയും. യാതൊരു വ്യക്തിഗത വിവരവും 'സ്പോട്ട്' റെക്കോഡ് ചെയ്യുന്നില്ല! എങ്ങനെയുണ്ട്, നമ്മുടെ നാട്ടിലേക്ക് ഒരെണ്ണത്തിനെ വാങ്ങിയാലോ?





# കുഞ്ഞുവാവ വരുന്നത് കാത്ത്

**ഭഗത്. പി,**
ക്ലാസ് 3, സി. എ . യു. പി സ്കൂൾ, മമ്പാട്, പാലക്കാട്

ചിത്രീകരണം: **രശ്മി കെ,** 8 ാം തരം, കുട്ടാല വീട്,
മങ്ങോട് പി ഒ, പാലക്കാട് –679 503.



സ്കൂൾ തുറക്കാത്തതുകൊണ്ട് എനിക്കിത്തിരി സന്തോഷമുണ്ട്. എനിക്കെന്റെ അമ്മമ്മയുടെ വീട്ടിൽ നിൽക്കാമല്ലോ. അനിയത്തിയുടെ കൂടെ കളിക്കാനും പറ്റും.

ഞാനിപ്പോൾ കുറേ കഥകൾ വായിക്കുന്നുണ്ട്. കഥകളും പുസ്തകങ്ങളും വായിക്കുന്നത് നല്ല രസമാണ്.

കൊറോണക്കാലമായതു കൊണ്ട് പുറത്തു പോകുമ്പോൾ മാസ്കിടണ്ടേ? പുറത്തു പോയി വന്നാൽ കുളിക്കണ്ടേ? എന്തൊക്കെയാല്ലേ!

അച്ഛൻ വന്നപ്പോൾ എനിക്കൊരു മാസ്ക് വാങ്ങിത്തന്നു. പുറത്ത് പോകുന്നില്ല. പോകാൻ കൊതിയുണ്ട്. എന്താന്നോ, മാസ്ക് കെട്ടാലോ!

കൊറോണക്കാലത്താണ് നീന്തൽ പഠിച്ചത്. അച്ഛനും മാമയും മുത്തശ്ശനും കൂടിയാണ് നീന്തൽ പഠിപ്പിച്ചത്. എനിക്ക് നീന്തൽ പഠിഞ്ഞപ്പോൾ അമ്മ മിഠായി വാങ്ങിത്തന്നു.

ഞാനും മുത്തശ്ശനും അച്ഛനും അമ്മയും ചേർന്ന് കളിക്കാൻ അമ്പുകളും വില്ലും വാളുകളും മഴുവും കുന്തവും കത്തികളും ചാട്ടവാറും ഓലവീടും ഉണ്ടാക്കി. എനിക്ക് സാധനങ്ങൾ ഉണ്ടാക്കാൻ നല്ല ഇഷ്ടമാണ്.

പിന്നൊരു വിശേഷം ഉണ്ട്. എന്റെ അമ്മയുടെ വയറ്റിൽ കുഞ്ഞുവാവയുണ്ട്. ആ കുഞ്ഞുവാവ വരുന്നത് കാത്തിരിക്കുകയാണ് ഞാൻ.

# പപ്പിയും കുട്ടിയും

**ശ്രീകല അരുൺ**
ഒന്നാം തരം, ചോക്ക് ആന്റ് ഡസ്റ്റർ, പറവൂർ, എറണാകുളം

ഒരു ദിവസം കുട്ടി തടിപ്പാലത്തിന്റെ മുകളിലൂടെ നടക്കുകയായിരുന്നു. കുട്ടിയുടെ കൂടെ ഒരു പപ്പിക്കുട്ടനും ഉണ്ട്.

"നമുക്ക് വെള്ളത്തിലൂടെ നീന്താം" പപ്പി പറഞ്ഞു.

"വേണ്ട, അത് അപകടമാണ്.." കുട്ടി പപ്പിയോട് പറഞ്ഞു. പപ്പി കുട്ടി പറഞ്ഞത്

അനുസരിക്കാതെ വെള്ളത്തിൽ ചാടി. വെള്ളത്തിന് നല്ല ഒഴുക്കുണ്ടായിരുന്നു. അപകടം മനസ്സിലാക്കിയ പപ്പി വലിയ വായിൽ കരയാൻ തുടങ്ങി.

"രക്ഷിക്കണേ!"

കുട്ടിയും നിലവിളിച്ചു: "ഓടിവരണേ..!"

ആളുകൾ കൂടയും കയറുമായി വന്ന് പപ്പിക്കുട്ടനെ രക്ഷിച്ചു. പപ്പി എല്ലാവർക്കും നന്ദി പറഞ്ഞു. കുട്ടിയുടെ കൂടെ വീട്ടിലേക്ക് പോയി.



ചിത്രീകരണം: **അനശ്വര പ്രേംനാഥ് എം,** തെക്കീട്ടിൽ, പുലാപ്പറ്റ, പാലക്കാട് – 678 632.

# കുരുവിയുടെ കൂട്ടുകാരൻ

**അശ്വിൻ. എസ്,**
ക്ലാസ് 4, ജി എൽ പി സ്കൂൾ, കുനിശ്ശേരി, പാലക്കാട്



ചിത്രീകരണം: **ഷിഫ അഷറഫ്,** വരിക്കാട്ട് ഹൗസ്, ചേനപ്പാടി, കോട്ടയം – 686 520.

പറമ്പിൽ വരുന്ന പക്ഷികൾക്ക് ഞാൻ അരിയും ചോറും ഇട്ടുകൊടുക്കും. ഒരു പാത്രത്തിൽ വെള്ളവും വെച്ചിട്ടുണ്ട്.

ഒരു കുരുവിക്കൂട് എന്റെ വീട്ടുമുറ്റത്തെ മരത്തിൽ തൂങ്ങുന്നുണ്ടായിരുന്നു. അതിലെ കുരുവിയെ ഞാൻ ഇടയ്ക്കിടെ നോക്കാറുണ്ട്. ഒരുദിവസം ഉച്ച കഴിഞ്ഞ് നോക്കുമ്പോൾ കൂട് കാണാനില്ല. താഴെ വീണുകിടക്കുന്നു. കുഞ്ഞും വീണുകിടക്കുന്നുണ്ട്. പരിക്കൊന്നും ഇല്ല. ചെറിയ ശബ്ദത്തിൽ കരഞ്ഞുകൊണ്ട് കിടക്കുകയാണ് അത്. ഞാൻ അമ്മയെ വിളിച്ചു. അമ്മ കൂടെടുത്ത് മരക്കൊമ്പിൽ ചെറിയ കയറുകൊണ്ട് കെട്ടിത്തൂക്കി വെച്ചു. ഞങ്ങൾ ആ കുഞ്ഞിനെയും കൂട്ടിൽ എടുത്തു വെച്ചു.

# തേങ്ങാക്കൊതിയുമായ് ഒരു ഓലഞ്ഞാലി

**അമേയ എ എസ്,**
ജി എൽ പി സ്കൂൾ, പന്മന മനയിൽ, കൊല്ലം



ചിത്രീകരണം: **ആയിഷ ബഷീർ കെ ബി,** കൊച്ചേപ്പറമ്പിൽ വീട്, തിരൂർക്കാട് പി ഒ, മലപ്പുറം– 679 321.

ഒരു ദിവസം അമ്മ തേങ്ങാ തിരുമ്മിക്കൊണ്ടിരിക്കുമ്പോൾ ഒരു ഓലഞ്ഞാലി അടുക്കള വാതിൽക്കൽ വന്നു. അമ്മ തേങ്ങ തിരുമ്മി അടുക്കളയിലേക്ക് പോയപ്പോൾ ഗ്രില്ലിനിടയിലൂടെ അത് അകത്ത് കയറി അവിടെ കിടന്ന തേങ്ങാപ്പീരകൾ കൊത്തിത്തിന്നാൻ തുടങ്ങി. തേങ്ങാപ്പീര തിന്നുകഴിഞ്ഞിട്ട് അതിനു ഗ്രില്ലിനിടയിലൂടെ തിരിച്ചു പോകാൻ പറ്റിയില്ല. അമ്മ കതകു തുറന്നു കൊടുത്തു. അത് പറന്നു പോയി. അടുത്ത ദിവസവും ആ പക്ഷി അതുതന്നെ ആവർത്തിച്ചു.

ഒരു സ്കൂൾ അവധിദിവസമാണ് ഞങ്ങൾ ഈ പക്ഷി സന്ദർശനം അറിഞ്ഞത്. അന്ന് അമ്മ എന്നെയും ചേച്ചിയേയും അടുക്കളയിലേക്ക് വിളിച്ചു. അമ്മ തേങ്ങ തിരുമ്മാൻ തുടങ്ങുകയായിരുന്നു.

"നോക്കിക്കോ, ഇപ്പോൾ ഒരാൾ ഇവിടെ വരും." അമ്മ ഞങ്ങളോട് പറഞ്ഞു.

അങ്ങനെ തേങ്ങ തിരുമ്മിക്കൊണ്ടിരുന്നപ്പോൾ ഒരു ഓലഞ്ഞാലി വാതുക്കലെത്തി. അമ്മ തേങ്ങാ തിരുമ്മി അടുക്കളയിലേക്ക് വന്നപ്പോൾ ഗ്രില്ലിനിടയിലൂടെ കടന്നു വന്ന് അത് തേങ്ങാപ്പീര തിന്നാൻ തുടങ്ങി. തിരിച്ചു പോകാൻ പറ്റിയില്ല. ഞാനും ചേച്ചിയും കൂടി കുറച്ചു അരി മണികളും ചോറും ഇട്ടുകൊടുത്തു. പക്ഷേ, അത് കഴിച്ചില്ല. കുറച്ചുനേരം കഴിഞ്ഞപ്പോൾ വാതിൽ തുറന്നു കൊടുത്തു. അത് പോയി.

തൊട്ടടുത്തുള്ള എന്റെ കൂട്ടുകാരി ദിയയുടെ വീട്ടിലും തേങ്ങ തിരുമ്മുമ്പോൾ ഓലഞ്ഞാലി ചെല്ലാറുണ്ടത്രേ. അല്ലാതെ അതിനെ ഞങ്ങൾ ആ പരിസരത്തു കണ്ടിട്ടില്ല.

ഇപ്പോൾ കുറച്ചു കാലം കൊണ്ട് അതിനെ തീരെ കാണാറില്ല. എന്തു പറ്റിയോ ആവോ!

# സ്കൂള് പൂട്ടിയാൽ




**രതീശൻ ചെക്കിക്കുളം**

ചിത്രീകരണം: സൂരജ് കക്കറയിൽ


സ്കൂള് പൂട്ടിയാൽ
മുങ്ങിക്കുളിക്കുവാൻ,
ഗ്രാമത്തിൽ നിന്നും
കുളം വരുന്നുണ്ട്..

കണ്ണിക്കുറിയനും
കൈച്ചലും കൊണ്ട് ,
ചൂണ്ടയിടാനുള്ള
പുഴ വരുന്നുണ്ട് ...

കല്ലിന്നെറിഞ്ഞിടാൻ
മാങ്ങയും കൊണ്ട് ,
മുത്തശ്ശി മാവ്
പുറപ്പെടുന്നുണ്ട്..
മാവിന്റെ കൈയ്യിലു
ണ്ടെന്റെയൂഞ്ഞാല്...

ചക്കയും കൊണ്ട്
പ്രിയപ്പെട്ട പ്ലാവ്..
പ്ലാവിന്റെ കീശയിൽ
നാട്ടിലെത്തണല് ...
തണലത്തു വിരിയുന്ന
വെയിലിന്റെ പാട്ട്..

അപ്പൂപ്പൻ താടിയിൽ
കയറിയിട്ടുണ്ട്..
പട്ടം പറത്തുവാ
നാകാശവും കൊണ്ട്,
ഉപ്പിലത്തൊപ്പി
യിട്ടോടുന്ന കാറ്റ്...

മൊട്ടത്തലയൻ
മൈതാനവും കൊണ്ട്,
മണ്ണുപെരങ്ങി
നടക്കുന്ന വെയില്..

അപ്പൂപ്പൻ താടിയാ
ണിന്നെന്റെ മനസ്സ്..





# കവിതയും ഞാനും

**അക്കിത്തം**

ചിത്രീകരണം: അരവിന്ദ് വട്ടംകുളം

ഞാനൊരു കവിയാവണമെന്ന് ഇല്ലത്തുള്ള വരാരും മോഹിച്ചിട്ടില്ല.

"അക്കിത്തത്തെ ഉണ്ണി ഇത്തിരി മന്ദബുദ്ധി യാണ്, മനോരാജ്യക്കാരനാണ്" ആളുകൾ പറയാൻ തുടങ്ങി.

കാര്യം നേരാണെന്ന് എനിക്കും തോന്നി.

മറ്റുള്ളവരെപ്പോലെ കേമനല്ലാത്ത സ്ഥിതിക്ക് ഒന്നൊഴിഞ്ഞ് നിന്നേക്കണം. അല്ലെങ്കിൽത്തന്നെ അധികം സംസാരിക്കുവാൻ എനിക്കറിഞ്ഞുകൂടാ; ലജ്ജയുണ്ട്.

പക്ഷേ, കളി കുട്ടികളുടെ അവകാശമാണല്ലോ.

അതിനിടയ്ക്ക് ശക്തരായ കൂട്ടുകാർ ഈ ഭീണ്ണ യ്ക്കനെ അടിക്കും കിഴുക്കും കളിയാക്കി മശക്കും.

ചെവിത്തട്ട വലുതായതുകൊണ്ട് 'ആനച്ചെവി യൻ' എന്നാണ് ചിലർ വിളിക്കുക.

നന്നേ ചെറുപ്പത്തിൽ ഒരു പൂച്ച കാലിന്മേലൊ ക്കെ കടിക്കുകയും മാന്തുകയും ചെയ്തിട്ടുണ്ടായിരു ന്നതുകൊണ്ട് ചിലർ വിളിക്കുന്നത് 'പൂച്ചകടിയൻ' എന്നായിരിക്കും.

പല ദിവസവും ഏകാന്തമായ രാത്രികളിൽ, അല്ലെങ്കിൽ നിർജനമായ മൂലകളിൽ വച്ച് ഞാൻ അന്തരാത്മാവിന്റെ അഗാധതകളിലേക്കു ചുഴി ഞ്ഞുചുഴിഞ്ഞിറങ്ങി; തേങ്ങിത്തേങ്ങിക്കരഞ്ഞു.

ഇതിനിടയ്ക്കു നിലത്തെഴുത്തും മറ്റും നടക്കുന്നുണ്ട്. ചിലപ്പോൾ അമ്മയുടെ അടുത്തിരുന്നു കുറേശ്ശെ വായിക്കുകയും ചെയ്യും.

വഴിയെ, കണ്ട ചുമരിന്മേലൊക്കെ ചിത്രം വരയ്ക്കുകയായി. കൈകൾ വടിത്തലപ്പിന്മേലൂന്നി നിവർന്നുനിൽക്കുന്ന രാജാജിയുടെ കറുത്ത കണ്ണടയോടുകൂടിയുള്ള ചിത്രം ഒരു നൂറുതവണയ ല്ലാ ഞാൻ വരച്ചിട്ടുണ്ടാവുകയുള്ളൂ – ചുമരിലും സ്ലേറ്റിലും മണലിലും.

ഒന്നു കൂടി പറയട്ടെ; എല്ലാ ചിത്രത്തിനു താഴെയും എഴുതും – 'അച്യുതൻ ഉണ്ണി.'

പിന്നീട് ആ കല കൈമോശം വന്നു.

ഏഴെട്ടുവയസ്സിലേ ആ ചിത്രമെഴുത്തുകമ്പത്തി നിടയിലാണ് അരമംഗലത്തമ്പലത്തിന്റെ ചുവ രുകളിൽ കുട്ടികൾ കുത്തിവരച്ച വികൃതരൂപ ങ്ങളിൽ പ്രതിഷേധിച്ചുകൊണ്ട് അലക്കുകണക്കെ ഴുതുന്നതുപോലെ എഴുതിവെച്ചത്:

*"അമ്പലങ്ങളിലീവണ്ണം*
*തുമ്പില്ലാതെ വരയ്ക്കുകിൽ*
*വമ്പനാമീശ്വരൻ വന്നി–*
*ട്ടെമ്പാടും നാശമാക്കിടും."*
*–അച്യുതൻ ഉണ്ണി*

അതു കവിതയുടെ ആരംഭമാണെന്നു ധരി ച്ചില്ല. അതൊരു തടുക്കാൻ വയ്യാത്ത പ്രവാഹമാ യിരുന്നു. പ്രതിദിനം കവിത രചിക്കുക.

ഇതിനൊക്കെ മുമ്പ് മറ്റൊരു സംഭവമുണ്ടായി. സായംസന്ധ്യയ്ക്കു ഞാൻ അമ്പലക്കുളത്തിൽ കു ളിച്ചുകൊണ്ട് നിൽക്കുകയാണ്. കുമരനല്ലൂർ ഹൈസ്കൂളിൽനിന്ന് എസ്.എസ്.എൽ.സി. പാസ്സായശേഷം ഉദ്യോഗമൊന്നും കിട്ടാതെ

നടന്നിരുന്ന രണ്ടാൾ പെട്ടെന്നെന്റെ കടവിൽ കുളിക്കാനിറങ്ങി. വരുമ്പോൾ അവർ സംസാരിച്ചിരുന്നത് മലയാളത്തിലാണ്. എന്നെ കണ്ട വഴി അത് ഇംഗ്ലീഷിലാക്കി. അതെന്നെ അവമാനിക്കലാണ്.

ആട കേമന്മാരേ, ഞാനും പഠിക്കും ഇംഗ്ലീഷ്! ഇംഗ്ലീഷ് ട്യൂട്ടറായിരുന്ന ടി. ഉണ്ണിക്കൃഷ്ണമേനോനില്ലെങ്കിൽ എന്റെ കവിതയുമില്ല ഞാനുമില്ല എന്നു തോന്നാറുണ്ട്.

കൈയെഴുത്തു മാസികകളിൽ എന്റെ കവിതകളും കഥകളും ലേഖനങ്ങളും പ്രത്യക്ഷപ്പെടാൻ തുടങ്ങിയ കാലം.

ഒരുയർന്ന കവിയായിട്ടല്ലാതെ ഞാൻ നിൽക്കില്ല എന്നൊരു ശബ്ദം എന്റെ ഹൃദയത്തിൽ മുഴങ്ങുകയുണ്ടായി.

ഇട്ടീരിമുത്തപ്പനെന്ന കാരണവരുടെ മകനായ കെ. കെ. ഗോപാലപിള്ളയാണ് എന്റെ കവിത ആദ്യമായി പ്രസിദ്ധീകരിച്ചത് – 'രാജർഷി' മാസികയിൽ.

ഉറങ്ങിവളരാൻ വിധിക്കപ്പെട്ടിരുന്ന എന്റെ ജീവിതചൈതന്യത്തെ നനച്ചുവളർത്തിയത് ഉണ്ണിക്കൃഷ്ണമേനോൻ മാസ്റ്ററായിരുന്നുവെങ്കിൽ സൂര്യരശ്മി നൽകാനുണ്ടായിരുന്നത് ഇടശ്ശേരിയാണ്.

ഇടശ്ശേരിയുടെ ഒരു വാക്യം പുതിയ കുട്ടികളുടെ അറിവിനായി ഇവിടെ രേഖപ്പെടുത്തുന്നു.

"ആത്മാവിൻമേൽ പറ്റിപ്പിടിച്ചുനിൽക്കുന്ന തൊപ്പകളെല്ലാം പറിച്ചുനീക്കൂ, അപ്പോൾ കാണാം, ജന്മനാ ഏതു മനുഷ്യനും നല്ലവനാണ്."



എന്റെ കവിതയും ഞാനും തമ്മിൽ അത്രമേൽ കൂടിപ്പിണഞ്ഞാണു കിടക്കുന്നത്. എന്റെ രചനകളിൽ എഴുപത്തഞ്ചു ശതമാനവും ജീവനുറ്റവയാണെന്നുതന്നെ വിചാരിക്കുന്നു.

ഏതു മനുഷ്യനും തന്റേതായ ഒരു ലോകത്തുവെച്ചു കരയുന്നവനാണെന്ന വിചാരം എന്നിൽ മുന്നിട്ടു നിൽക്കുന്നു.

ഈ പ്രപഞ്ചത്തിലുള്ള എല്ലാ ചലനങ്ങളും എല്ലാ വസ്തുതകളും അന്യോന്യസഹകാരികളായിത്തന്നെ വർത്തിക്കുന്നു. അപ്പോളാണവ ശക്തവും സുന്ദരവുമായി തോന്നുന്നത്.

ഭൗതികവും മാനസികവുമായ എല്ലാത്തരം ചൂഷണങ്ങളേയും ഞാൻ വെറുക്കുന്നു. എല്ലാവരും വേല ചെയ്യുന്നതും കൈയിലും നാവി ലും ചങ്ങല വീഴാത്തതും തലയും വയറും നിറയുന്നതുമായ ഒരു നവലോകത്തെപ്പറ്റി ഞാനും സ്വപ്നം കാണുന്നു.

ചക്രവാളം എത്ര സുന്ദരമാണ്! എങ്കിലും അതെപ്പോഴും അകലയേ നിൽക്കൂ.

ക്ഷമാശീലനുമാത്രമേ സുഖമുള്ളൂ.
അഥവാ സുഖം എന്നത്
ദുഃഖത്തെ മറക്കൽ മാത്രമാണ്.
ദുഃഖത്തിന് ഒരൊറ്റ പ്രത്യൗഷധമേ ഉള്ളൂ:
സ്നേഹം. അവിടെയാണ് മനുഷ്യൻ.

സംഗ്രഹിച്ചത്: **രാമകൃഷ്ണൻ കുമരനല്ലൂർ**

(മൈലെൻ കോൺസ്റ്റാന്റിനോവ്സ്കിയുടെ കൃതിയെ ആധാരമാക്കി)



# എല്ലാ വസ്തുക്കളെയും എങ്ങനെ നനയ്ക്കാം

**പുനരാഖ്യാനം: ഡോ. സംഗീത ചേനംപുല്ലി**

ചിത്രീകരണം: കെ.സതീഷ്

ചില വസ്തുക്കളെ വെള്ളം നനയ്ക്കുകയും മറ്റു ചിലതിനെ നനയ്ക്കാതിരിക്കുകയും ചെയ്യുന്നതെന്തുകൊണ്ട്? സ്വയം കൂടിച്ചേർന്നതിനേക്കാൾ തീവ്രതയിൽ ചില വസ്തുക്കളുമായി വെള്ളം ബന്ധമുണ്ടാക്കുന്നതും, മറ്റു ചിലവയോട് വളരെ ദുർബലമായി മാത്രം കൂടിച്ചേരുകയും ചെയ്യുന്നത് എന്തുകൊണ്ടാണ്?


വെള്ളംകൊണ്ട് നനയുന്നതും നനയാത്തതുമായ വസ്തുക്കളുടെ പ്രത്യേകതകൾ ശാസ്ത്രജ്ഞർ പഠിച്ചപ്പോൾ കണ്ട കാര്യങ്ങൾ ഇതൊക്കെയാണ്. വെള്ളത്തോട് ഇഷ്ടം കാണിക്കുന്ന തന്മാത്രകളും ജലതന്മാത്രകളെപ്പോലെ വൈദ്യുത ചാർജ് ഉള്ളവയാണ്. ഇവയേയും നമുക്ക് പ്ലസ്, മൈനസ് ചാർജുകൾ കൊണ്ട് അടയാളപ്പെടുത്താം. അതുകൊണ്ടാണ് ജലതന്മാത്രകൾ വളരെ എളുപ്പത്തിൽ അവയോട് ഒട്ടിച്ചേരുന്നത്. പഴഞ്ചൊല്ലിൽ പറയുംപോലെ ഒരേ തൂവൽ പക്ഷികൾ എപ്പോഴും കൂട്ടു ചേരുന്നു. അപ്പോൾ വൈദ്യുത ചാർജ് ഇല്ലാത്ത സാധാരണ തന്മാത്രകളുടെ കാര്യമോ? അവയ്ക്കും ഈ നിയമം ബാധകം തന്നെ. ചാർജ് ഇല്ലാത്ത തന്മാത്രകൾ ചാർജ് ഇല്ലാത്ത മറ്റ് തന്മാത്രകളുമായി വളരെവേഗം കൂടിച്ചേരുന്നു. അതുകൊണ്ടാണ് പാരഫിൻ വെള്ളം കൊണ്ട് നനയാത്തതും അതേസമയം എണ്ണയോ കൊഴുപ്പോ അതിനെ എളുപ്പത്തിൽ നനയ്ക്കുന്നതും.



ഇനി വൈദ്യുതചാർജ് ഇല്ലാത്ത തരത്തിൽപ്പെട്ട ഒരു വസ്തുവിനെ വെള്ളം കൊണ്ട് നനയ്ക്കണം എന്ന് കരുതു. ഈ തന്മാത്രകളുടെ സ്വഭാവം മാറ്റാൻ നമുക്ക് കഴിയുമോ? അതെ, നമുക്കത് കഴിയും. പക്ഷേ, അത് വിശദീകരിക്കും മുൻപ് ചില തെക്കൻ രാജ്യങ്ങളിൽ ഭീമൻ കടലാമകളെ പിടിക്കുന്നതെങ്ങനെ എന്ന് നോക്കാം. കടലാമകളുടെ തോട് മിനുസവും വഴുവഴുപ്പും ഉള്ളതാണ്. അതുകൊണ്ട് അവയെ പിടിക്കാൻ പ്രയാസമാണ്. ആമവേട്ടക്കാർ റെമോറ എന്ന പ്രത്യേക തരം മീനിനെ വാലിൽ കയർ കെട്ടി വെള്ളത്തിലേക്ക് ഇടുന്നു. ഇതിന്റെ മുതുകിൽ പറ്റിപ്പിടിക്കാൻ സഹായിക്കുന്ന അവയവങ്ങൾ ഉണ്ട്. ഇവയുപയോഗിച്ച് സ്രാവിന്റെയോ, തിമിംഗലത്തിന്റെയോ, ആമയുടെയോ ഒക്കെ ശരീരത്തിൽ പറ്റിപ്പിടിച്ചാണ് ഈ മത്സ്യം സഞ്ചരിക്കുക. വെള്ളത്തിൽ ഇട്ടയുടനെ റെമോറ ആമത്തോടിൽ പറ്റിപ്പിടിക്കുകയും വേട്ടക്കാർ കയറിൽപ്പിടിച്ച് വലിച്ച്

അവയെ തോണിയിലിടുകയും ചെയ്യുന്നു. (വംശ നാശ ഭീഷണി നേരിടുന്ന ജീവികളായ കടലാമ കളെ വേട്ടയാടുന്നത് കുറ്റകരമാണെന്ന് കൂട്ടുകാർ മറക്കല്ലേ).

വാലിൽ കയർ കെട്ടിയ റെമോറ മീനിനെ പോലെയുള്ള ചില തന്മാത്രകളും ഉണ്ട്. അവയുടെ ഒരറ്റം വൈദ്യുതചാർജ് ഉള്ളതും മറ്റേയറ്റം ചാർജി ല്ലാത്തതും ആയിരിക്കും. ജലതന്മാത്രകൾ ചാർജുള്ള അറ്റത്ത് ബലമായി പറ്റിപ്പിടിക്കും. ചാർജില്ലാത്ത മറ്റേയറ്റം വെള്ളത്തിനോട് താൽപ്പര്യമില്ലാത്ത ഒരു തന്മാത്രയുമായി ചേർന്നിരിക്കും. ഉദാഹരണത്തിന് കൊഴുപ്പുകൾ. ഈ തന്മാത്രകൾ റെമോറ മീനിനെപ്പോലെ കൊഴുപ്പിനെ, അഥവാ എണ്ണമെഴുക്കിനെ പ്ലേറ്റിൽ നിന്നോ, ത്വക്കിൽനിന്നോ ഒക്കെ വലിച്ചെടുത്തു മാറ്റും. നിങ്ങളുടെ കൈകളിൽ എണ്ണമയം പുരണ്ടിരിക്കുന്നു എന്ന് കരുതൂ. വെള്ളം മാത്രം കൊണ്ട് അപ്പോൾ കൈ വൃത്തിയാക്കാനാവില്ല. മെഴുക്കിനെ വലിച്ചെടുക്കാൻ കഴിയുന്ന ഏതെങ്കിലും തന്മാത്ര ഉപയോഗിക്കേണ്ടി വരും. നമ്മുടെ സാധാരണ സോപ്പ് തന്നെ ധാരാളം. സോപ്പിന് ഒരു ചാർജുള്ള അറ്റവും ചാർജില്ലാത്ത മറ്റ് ഭാഗങ്ങളുമാണുള്ളത്. ചാർജുള്ള അറ്റം വെള്ളത്തിനോട് ചേർന്ന് നിൽക്കുമ്പോൾ വെള്ളത്തോട് താൽപ്പര്യമില്ലാത്ത മറ്റേയറ്റം മെഴുക്കിനെ അലിയിച്ച് വലിച്ചെടുക്കും. പലരും കരുതുന്നത് പതയുള്ളതുകൊണ്ടാണ് സോപ്പും വെള്ളവും ഉപയോഗിച്ച് നമുക്ക് വൃത്തിയാക്കാൻ കഴിയുന്നത് എന്നാണ്. പതയുടെ കുമിളകൾ അഴുക്കിനെ പിടിച്ചെടുക്കുകയും വെള്ളം അതിനെ കഴുകിക്കളയുകയും ചെയ്യുമെന്നാണ് അവർ വിചാരിക്കുന്നത്. ഇപ്പോൾ നമുക്കറിയാം പതയല്ല സോപ്പിന്റെ വൃത്തിയാക്കലിനു പിന്നിലെന്ന്. തീരെ പതയുണ്ടാക്കാത്ത ആവണക്കെണ്ണ സോപ്പ് പോലെയുള്ളവ വിപണിയിലുണ്ട്. ഇവയ്ക്ക് അഴുക്കിനെ വൃത്തിയാക്കാനുള്ള കഴിവ് പതയുള്ള സോപ്പിനെക്കാൾ ഒട്ടും കുറവല്ല. അതായത് സോപ്പ് തന്മാത്രകൾ ജലത്തിൽ ലയിക്കുമ്പോൾ സാധാരണ വെള്ളത്തെ പേടിയുള്ള, വെള്ളത്തോട് ഇഷ്ടമില്ലാത്ത വസ്തുക്കളെപ്പോലും നനയ്ക്കാൻ സഹായിക്കുന്നു.



ഇനി മറ്റ് തന്മാത്രകൾ ജലതന്മാത്രകളെ എങ്ങനെ ബാധിക്കുന്നു എന്ന് നോക്കാം. സാധാരണ വെള്ളത്തിന്റെയും പഞ്ചസാര വെള്ളത്തിന്റെയും തുള്ളികൾ അടുത്തടുത്തായി പിപ്പറ്റ് ഉപയോഗിച്ച് ഇറ്റിച്ച് നോക്കൂ. ഇറ്റിക്കുന്ന പ്രതലം നല്ല വൃത്തിയുള്ളതാവാൻ ശ്രദ്ധിക്കണം. ഇനി തുള്ളികളുടെ ആകൃതി നിരീക്ഷിക്കൂ. പ്രതലം തീരെ നനയുന്നില്ലെങ്കിൽ തുള്ളികൾക്ക് ഗോളാകൃതിയാകും ഉണ്ടാവുക. പുല്ലിൻ തലപ്പത്തെ മഞ്ഞുതുള്ളികൾ പോലെ. എളുപ്പം നനയ്ക്കുന്ന ലായനിയാണെങ്കിൽ തുള്ളികൾ പരന്ന് ഒരു നേരിയ പാളിയായി പ്രതലത്തെ മൂടുന്നു. ഇനി നനയുന്ന, എന്നാൽ അത്രയെളുപ്പത്തിൽ നനയ്ക്കാത്ത ലായനിയാണെങ്കിലോ തുള്ളികൾ ഭാഗികമായി ആകൃതി നിലനിർത്തും. തുള്ളികളുടെ ആകൃതി നിരീക്ഷിച്ച് ആ ദ്രാവകത്തിന്റെ സ്വഭാവം മനസ്സിലാക്കാൻ കഴിയും. ഇങ്ങനെ ജലത്തിൽ ലയിക്കുന്ന വസ്തുക്കളായ പഞ്ചസാര, ഉപ്പ്, സിട്രിക് ആസിഡ്, സോഡാക്കാരം, ഗ്ലിസറിൻ തുടങ്ങിയവയൊക്കെ ജലത്തിന്റെ നനയ്ക്കാനുള്ള കഴിവിനെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് പഠിക്കാനാവും. ഏത് വസ്തുവായാലും അവ ജലത്തിൽ ലയിക്കുന്നതാവണം എന്ന് മാത്രം.


*(തുടരും)*

# ന്യൂജൻ



സി എം മുരളീധരൻ

ചിത്രീകരണം: കെ.സതീഷ്



കേട്ടപ്പോൾ ദേഷ്യമാണ് വന്നതെങ്കിലും കുമാർ എതിർത്തൊന്നും പറഞ്ഞില്ല. തൊണ്ട ചിനക്കിക്കൊണ്ട് 'അതെ, അതെ..' എന്ന് പതിയെ പറഞ്ഞു. പുലർച്ചെ അച്ഛന്റെ ഉച്ചസ്ഥായിയിലുള്ള പാട്ടും അമ്പലത്തിലെയും പള്ളിയിലെയും ഉച്ചഭാഷിണിയും കേട്ടാലും കുമാർ എഴുന്നേൽക്കാറില്ല. അല്ലെങ്കിലും പുലർകാലത്തുള്ള ആ ചുരുണ്ടുകൂടിയ കിടപ്പുണ്ടല്ലോ, അതൊരു രസമാണ്. അതെല്ലാം തീരാൻ പോവുന്നു.

'നാളെ മുതൽ രാവിലത്തെ ഡ്യൂട്ടി നീ ഏറ്റെടുക്കണം' എന്നാണ് അച്ഛൻ പറഞ്ഞത്. 'കാലം കുറച്ചായില്ലേ. തൊണ്ടയ്ക്ക് ഒരു വയ്യായ. മാത്രവുമല്ല, ഇനിയിപ്പോ ഏത് ദിവസവും എന്നെയും തേടി അവര് വരാം. നീ ചുമതലകളൊക്കെ ഏറ്റെടുത്ത് പഠിക്ക്. എന്നും ഇങ്ങനെ തേരാ പാരാ നടക്കാൻ കഴിയില്ലല്ലോ. ഇതാണെങ്കില് നമ്മള് പുരാതനകാലം മുതൽ ചെയ്തുപോരുന്ന ആചാരവുമാണ്. നമ്മളിങ്ങനെ ചെയ്തില്ലെങ്കിൽ സൂര്യൻ പോലും ഉദിക്കില്ലാന്ന് ഒരു ചൊല്ലു തന്നെയുണ്ട്. നാട്ടുണരാതെയായിപ്പോവരുതല്ലോ.'

'കൊ.. കൊ.. 'കുമാർ വീണ്ടും തൊണ്ട ചിനക്കി. ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിലുള്ള മടിയല്ല. പുലർച്ചെയുള്ള ആ മയക്കം ഒഴിവാക്കണമല്ലോ എന്നാലോചിക്കുമ്പോളാ ഒരു വിമ്മിട്ടം.

പകൽ തൊടിയിലൂടെ നടക്കുമ്പോൾ ഒന്നിനും ഒരു രസം തോന്നിയില്ല. ആകെ മടുപ്പ്. വൈകുന്നേരമായപ്പോൾ എന്തോ കഴിച്ചെന്ന് വരുത്തി. പുലർച്ചെ എഴുന്നേൽക്കാനുള്ളതല്ലേ. മൊബൈ

ലിൽ അലാറാം വെച്ച് കുമാർ നേരത്തെ കിടന്നു.

അലാറാം അടിച്ചപ്പോൾ സ്ക്രീനിലൂടെ കൈ നീക്കി അത് ഓഫ് ചെയ്തു. വീണ്ടും മയക്കത്തിലേക്ക് വഴുതി വീഴുമ്പോൾ അച്ഛൻ തന്നെയാണ് തട്ടി വിളിച്ചത്. 'ഡാ കുമാറേ.. നേരം..'



വാഷ്ബേസിനരികിൽ ചെന്ന് കണ്ണിലിത്തിരി വെള്ളമൊഴിച്ച് തിരിഞ്ഞു നോക്കിയപ്പോഴാണ് കുടുംബത്തിലെ സകലരുമുണ്ട് വരിവരിയായി ഇരിക്കുന്നു. ഇന്നലെ മുട്ടയിൽ നിന്ന് വിരിഞ്ഞുവന്നവർ പോലുമുണ്ട്, അച്ചടക്കത്തോടെ. ചേട്ടന്റെ അരങ്ങേറ്റം കാണാനുള്ള ഉത്സാഹത്തിലാണ് എല്ലാവരും. മുറിയുടെ മറുവശത്ത് ചെന്ന് എല്ലാവരേയും അഭിമുഖീകരിച്ച് നിന്നു. പതിയെ സാധകം ചെയ്തു. പിന്നെ രണ്ടും കൽപ്പിച്ച് ആഞ്ഞുപാടി. ഇനി നാട്ടുണരാവാതെ ആവരുതല്ലോ. എങ്കിലും എവിടെയെല്ലാമോ പിഴച്ചതുപോലെ തോന്നി. ചട്ടിമറഞ്ഞുപോയ പൂർവികരെ മനസ്സിലോർത്തുകൊണ്ട് രണ്ടാമതൊന്നുകൂടി എട്ടരക്കട്ടയിൽ തന്നെ തുടങ്ങി. വിസ്തരിച്ച് തീർന്നപ്പോൾ മുന്നിലിരിക്കുന്നവരെല്ലാം മതിമറന്ന് കയ്യടിച്ചു.

അച്ഛൻ തന്നെയാണ് ആദ്യം മുന്നോട്ടുവന്ന് കെട്ടിപ്പിടിച്ചത്. 'ആദ്യത്തെ തവണ ശ്രുതിയുടെ പ്രശ്നം നല്ലോണമുണ്ടായിരുന്നു. പല്ലവിയിലും അനുപല്ലവിയിലും ചിലയിടത്തൊക്കെ സ്ലിപ്പായി. സാരമില്ല. രണ്ടാമത്തെ തവണ നീ കസറി. സംഗതികളെല്ലാം ഗംഭീരമായി.' അച്ഛന്റെ കണ്ണിൽ നനവ് പടരുന്നുണ്ടായിരുന്നു. അമ്മ കെട്ടിപ്പിടിച്ച് നിറുകയിൽ ഉമ്മവെച്ചു.

**രണ്ടും കൽപ്പിച്ച് ആഞ്ഞുപാടി. ഇനി നാട്ടുണരാവാതെ ആവരുതല്ലോ. എങ്കിലും എവിടെയെല്ലാമോ പിഴച്ചതുപോലെ തോന്നി.**

കമന്റുകളിൽ നിന്ന് ലഭിച്ച ആവേശത്തിൽ കുമാർ മൊബൈലിന്റെ വോയ്സ് റെക്കോർഡർ തുറന്ന് ഒരിക്കൽ കൂടി രാഗവിസ്താരം നടത്തി. പാടിക്കൊണ്ടിരിക്കെ തന്നെ സെൽഫിയെടുക്കാനും മറന്നില്ല. വൈഫൈ കണക്ട് ചെയ്ത് പൂടബുക്കിൽ ലോഗിൻ ചെയ്തു. എല്ലാവരും കെകുമാറെന്നേ പറയാറുള്ളൂ. പാസ്പോർട്ടിലും പൂടബുക്കിലെ ലോഗിൻ ഐഡിയിലും മാത്രമേ മുഴുവൻ പേരുള്ളൂ. കുക്കുട് കുമാർ. സെൽഫി അപ്‌ലോഡ് ചെയ്ത് അരങ്ങേറ്റത്തെക്കുറിച്ച് പോസ്റ്റിട്ടു.

ഇത്തിരിക്കഴിയട്ടെ. ആ വോയ്സ് ഫയൽ മൊബൈലിലെ അലാറത്തിന്റെ ട്യൂണാക്കി മാറ്റണം. അത് മാക്സിമം വോള്യത്തിൽ രാവിലേക്ക് സെറ്റ് ചെയ്ത് വെച്ചാൽ പിന്നെ എന്നും നേരത്തെ എണീക്കണ്ടല്ലോ. കുമാർ കൂടിന് പുറത്തേക്കിറങ്ങി.




**കത്തുകൾ**
**അയയ്ക്കേണ്ട വിലാസം :**
യു-മെയിൽ, യുറീക്ക,
ചാലപ്പുറം,
കോഴിക്കോട്- 673002

9497172919


# അവരെന്റെ കൂട്ടുകാർ

**ലോ**ക്ക് ഡൗണിൽ വീട്ടിലുള്ള പക്ഷികളെ നന്നായി ശ്രദ്ധിച്ചു. വീട്ടിൽ ഇപ്പോൾ ആറ് ലവ് ബേർഡ്സ് ഉണ്ട്. ഒരു പക്ഷി മുട്ടയിട്ടു. മുട്ട വിരിഞ്ഞു. എന്റെ ആറ് പക്ഷികൾക്കും ഞാൻ പേര് നൽകിയിട്ടുണ്ട്. ചിന്നു, ടുട്ടു, മിന്നു, മുന്നു, ചിഞ്ചു, ടുങ്കു. എന്നെ കാണുമ്പോൾ അവർക്ക് എന്ത് സന്തോഷമാണെന്നോ. ഞാൻ എപ്പോഴും തീറ്റയും വെള്ളവും കൊടുക്കാറുണ്ട്.

**കിഷൻ രാജ് എം,** വടക്കയിൽ, മാലൂർ പി.ഒ., കണ്ണൂർ.

# എന്റെ മുരിങ്ങ

**ഒ**രു കമ്പാണ് ഞാൻ നട്ടുപിടിപ്പിച്ചത്. വെള്ളമൊഴിച്ച് വെള്ളമൊഴിച്ച് അത് തഴച്ചു വളർന്ന് മരമായി. മുരിങ്ങാമരം. കമ്പിന് കനംവച്ചു. കുറച്ചുനാൾ കഴിഞ്ഞപ്പോൾ അത് പൂത്തു. ചെറിയ മുരിങ്ങക്ക പിടിക്കാനും തുടങ്ങി. അപ്പോഴേക്കും അത് വൈദ്യുതകമ്പിയിൽ തട്ടാറായി കഴിഞ്ഞിരുന്നു. പിന്നെ ഞാനതിനെ ഒരു കയറ് വച്ച് വേറെ ഒരു മരത്തിലേക്ക് കെട്ടി. അങ്ങനെ കുറച്ചു ദിവസം കഴിഞ്ഞു. ഒരു ദിവസം ഉച്ചയ്ക്ക് ഞാൻ ഉറങ്ങിപ്പോയി. വൈകീട്ട് ചെന്ന് മുരിങ്ങയ്ക്ക് വെള്ളം ഒഴിക്കാനായി ചെന്നപ്പോൾ, മുരിങ്ങമരം അവിടെ ഇല്ല. അപ്പോഴതാ അമ്മ മുറ്റം തുക്കുന്നു. ഞാൻ സങ്കടത്തോടെ ചോദിച്ചു. "ആരാണമ്മേ ഈ മുരിങ്ങ വെട്ടിയത്." ലൈൻമാൻമാർ വെട്ടി. അത് ലൈൻകമ്പിയിൽ തട്ടാറായി നിൽക്കുകയായിരുന്നില്ലേ? അതു കേട്ടതോടെ എനിക്ക് വിഷമം കൂടി. കണ്ണുനിറഞ്ഞതു കണ്ടാവാം അമ്മ പറഞ്ഞു: "സാരമില്ല. ദാ... ഈ കമ്പ് കുഴിച്ചു വച്ചാൽ വേറൊരു മുരിങ്ങമരം കിളിർക്കും. പക്ഷേ, നീ വേറെ എവിടെയെങ്കിലും നടണം." ഞാൻ പുതിയ കമ്പുമായി നടന്നു.



**അഖിൽ ദേവ്,** നാലാം തരം, ജി.എൽ.പി.എസ്. കുനയിൽ, കൊല്ലം.

# നന്ദി.. നന്ദി..

2019 ഫെബ്രുവരി16 യുറീക്കയിൽ ഒരു ചിത്രകഥയുണ്ട്, അതിന്റെ പേര് 'എന്റെ മണ്ണ് പുസ്തകം'. അതിലെ പയറു കൃഷി ഞാൻ ചെയ്തു നോക്കി. പയറു ചെടി നല്ല രീതിയിൽ വളർന്നു. എനിക്കു വളരെ സന്തോഷം തോന്നി. നന്ദി യുറീക്കേ. ഇനിയും ഇതെ പോലത്തെ രചനകൾ പ്രതീക്ഷിക്കുന്നു.

**പവിത്ര സുരേഷ്,** 7 സി. സെന്റ് മേരീസ് ജി ജി എച്ച് എസ് എസ്, എറണാകുളം 683501

# കടൽത്തീരത്ത്




കരകാണാക്കടൽ എനിക്ക് എന്നും ഒരു ഹരമാണ്. അതല്ലേ, ഞാൻ കടലമ്മക്കള്ളി എന്ന് മണലിൽ എഴുതിയത്. അത് മായ്ക്കാൻ അപ്പോൾ തിരമാലകൾ ഓടിയെത്തി. ഒരുപാട് ഇഷ്ടമാണ് എനിക്ക് എന്റെ സുഹൃത്തായ തിരമാലയെ. തിരമാല വരുന്നതും കാലിൽ തലോടിയുള്ള പോക്കും മറക്കില്ല. സൂര്യോദയവും അസ്തമയവും കൊതിപ്പിക്കുന്ന മറ്റൊന്നാണ്. പഞ്ചാര മണലിനോട് കിന്നാരം പറയലാണ് കടൽത്തീരത്തെത്തിയാൽ എന്റെ മറ്റൊരിഷ്ടം.

**രശ്മി കെ,** 8 ാം തരം, ജി.എച്ച്.എസ്.എസ്. വെള്ളിനേഴി, പാലക്കാട്.

# ആരാധകൻ

എനിക്ക് യുറീക്ക ഇഷ്ടമല്ലായിരുന്നു. ഡിസംബർ 26 ന്റെ സൂര്യഗ്രഹണം ഞാൻ കണ്ടു. സൂര്യഗ്രഹണത്തെക്കുറിച്ച് യുറീക്കയിൽ ഉണ്ടായിരുന്നത് വായിച്ചു നോക്കി. അതിൽ കുറേ എനിക്ക് പഠിക്കാൻ ഉണ്ടായിരുന്നു. പിന്നെ ഹിരോഷിമയും നാഗസാക്കിയും വായിച്ചപ്പോൾ വളരെ ദുഃഖം തോന്നി. ഇപ്പോൾ ഞാൻ യുറീക്കയുടെ വലിയ ആരാധകനാണ്.

**ഡാരിൻ ജോസ് ജോൺ,** 7 ാം തരം, കുമ്പളങ്ങി, എറണാകുളം.



# ആദ്യത്തെ കത്ത്

ഹായ് യുറീക്കേ... ഇത് യുറീക്കക്കുള്ള എന്റെ ആദ്യത്തെ കത്താണ്. യുറീക്കയിൽ എനിക്ക് ഏറ്റവും ഇഷ്ടം 'ഭൂമിയിലെ നക്ഷത്രങ്ങൾ' എന്ന നോവലാണ്. യുറീക്ക കിട്ടിയാൽ ആദ്യം തന്നെ ഞാൻ ആ നോവൽ വായിക്കും. യുറീക്കയിലുള്ള കഥകളും കവിതകളും പംക്തികളും പിന്നെ കൂട്ടുകാരുടെ കത്തുകളുമെല്ലാം ഇഷ്ടമാണ്.

**നിയ രതീഷ്,** 4 ാം തരം, കെ.സി.എസ്. കോട്ടപ്പുറം, പാലക്കാട്–679513




പീക്കിരി.ഇൻ
കൊച്ചുകുട്ടികൾക്കുള്ള പേജുകളാണ്.
മുതിർന്നവർ ഇത് വായിച്ചുകൊടുക്കുമല്ലോ.




# “വീട്ടിൽ പോണം”

**എം.കൃഷ്ണദാസ്**

ചിത്രീകരണം: രാജേന്ദ്രൻ



സ്കൂൾ വീട്ടാൽ എന്നും
കുളക്കടവിലേക്ക് അവൾ ഓടും.
കുളത്തിൽ നോക്കി അങ്ങനെ
വെറുതെ ഇരിക്കും.



ഒരു ദിവസം കുളത്തിൽനിന്നും
ഒരു പരൽമീൻ അവളെ നോക്കി ചിരിച്ചു.
പിന്നെ എന്നും പരൽമീൻ അവളെ
കാണാൻ വരും.
അവളും മീനിനെ കാണാനെത്തും.



ഒരു കഥ പോലെ വീട്ടുവിശേഷങ്ങളും
നാട്ടുവിശേഷങ്ങളും അവൾ മീനിനോട്
പറയാൻ തുടങ്ങി. കയ്യിലെന്തെങ്കിലും
കരുതി, തീറ്റയും കൊടുക്കാൻ തുടങ്ങി.
അങ്ങനെയവർ വലിയ കൂട്ടായി.
ദിവസവും കാണാതിരിക്കാനാവില്ല.



ഒരു ദിവസം പരൽമീൻ അവളെയും കാത്തു കിടക്കുകയായിരുന്നു. ഇപ്പോൾ അവർക്ക് അങ്ങോട്ടും ഇങ്ങോട്ടും ചുണ്ടനക്കങ്ങളൊക്കെ അറിയാമായിരുന്നു. എന്തോ അവർ കുറേനേരം പറഞ്ഞശേഷം അവൾ ഒരു കുപ്പിയെടുത്ത് പരലിനെ അതിലാക്കി.



എന്തിനാണെന്നോ?
പരൽ എന്നും അവളുടെ വീട് കാണണമെന്ന് പറയുമായിരുന്നത്രേ. അവൾ കുപ്പി ജനൽപ്പടിയിൽ ഒളിപ്പിച്ചുവച്ചു.

പരൽ അവിടെയിരുന്ന് അവളുടെ വീട്ടുവിശേഷങ്ങൾ എല്ലാം കണ്ടു. അവിടെ അമ്മയെ കണ്ടു. അച്ഛന്റെ തമാശകൾ കേട്ടു. ടി വി യിലെ പാട്ടും കളിയും കണ്ടു. അവളുടെ കളിക്കോപ്പുകൾ കണ്ടു. വളകൾ, പൊട്ടുകൾ എല്ലാം കുപ്പിയിൽ കിടന്ന് കണ്ടു.





രാത്രിയാഹാരം കഴിഞ്ഞശേഷം ആരും കാണാതെ ഒന്നു രണ്ട് വറ്റുകൾ അവൾ വിരുന്നുകാരിക്ക് കുപ്പിയിലേക്ക് ഇട്ടുകൊടുത്തു.


വീട് കണ്ടു കണ്ട് പരൽമീനിന്റെ
മനസ്സ് നിറഞ്ഞു. ഉറങ്ങുന്നതിനു
മുമ്പായി അവൾ സ്വകാര്യമായി
മീനിനോട് 'ഗുഡ്നൈറ്റ്' പറഞ്ഞു.
അൽപ്പം കഴിഞ്ഞപ്പോൾ വീട്ടിലെ
വിളക്കെല്ലാം അണഞ്ഞു.





എല്ലാവരും നല്ല ഉറക്കത്തിലേക്ക്
പോയി. അപ്പോഴാണ്,
ഒട്ടും പരിചയമില്ലാത്ത ഒരു ശബ്ദം
കേട്ടത്. വീട് ഞെട്ടി.
വിളക്കുകളെല്ലാം തെളിഞ്ഞു.
പതിവില്ലാതെ അവളും ഉണർന്നു.

അച്ഛനും അമ്മയും
എത്ര തിരഞ്ഞിട്ടും ശബ്ദം
എവിടുന്നാ വന്നതെന്ന് കണ്ടെ
ത്താനായില്ല.
ഓടി, പരൽമീനിന്റെ അടുത്തു
ചെന്ന അവളോട് മീൻ
കരഞ്ഞുകൊണ്ട് പറഞ്ഞു:
**"എനിക്ക് എന്റെ വീട്ടിൽ
പോണം."**



കഥനേരം-4
സുട്ടു പറയുന്ന കഥകൾ

# മിന്നാമിന്നി നടക്കാമ്പോയ കഥ



**പാറു**

ചിത്രീകരണം: കെ.സതീഷ്



കഥകൾക്ക് ഒരു പഞ്ഞമില്ല!

സുട്ടുവിന്റെ എല്ലാ കഥകളും കാട്ടിൽ തുടങ്ങി. ഓരോരോ ജീവികളായി ഓരോ ദിവസം പ്രത്യക്ഷപ്പെട്ടു. വീട്ടിലെ പൂച്ച, പക്ഷി, ചിൽചിൽ, പിന്നൊരു തീവണ്ടി. ഇത്രേം പേരുടെ കാട്ടുവിശേഷത്തിനു ശേഷം ഇന്ന് സുട്ടു വേറൊന്ന് പറഞ്ഞു തുടങ്ങി:

"അമ്മാ.."

"ഉംം.."

"ഒരു കാട്ടില്... ഒരു മിന്നാമിന്നി ണ്ടാരുന്നു"

"ന്നട്ട് ആ മിന്നാമിന്നി കുളിക്കാമ്പോയോ?" കാണാപ്പാഠമായ വരികളായതു കൊണ്ട്, ആ രസംകൊല്ലി ചോദ്യം അമ്മയങ്ങു ചോദിച്ചു.

"ആഹ്.. ആ മിന്നാമിന്നീ... തോട്ടില്.. വെള്ളത്തില് എറങ്ങി."

"എന്നാട്ടോ? "

"വെള്ളത്തില് അതൊരു മീനെ പിടിച്ചു."

അമ്മ കണ്ണ് മിഴിച്ചു. അപ്രതീക്ഷിതമായി കഥയിൽ ഒരു മീൻ വരുന്നു! അതും കുഞ്ഞനൊരു മിന്നാമിന്നീടെ കൂടെ!

"ന്നട്ടേ... മിന്നാമിന്നി തല തോർത്തി... പൂച്ചക്കുട്ടീടെ പടമ്ള്ള കുപ്പായം ഇട്ടു."

അതവളുടെ പൂച്ചക്കുട്ടി കുപ്പായം തന്നെ!

"ന്നട്ട്, മീനിന്റെ കയ്യ് പിടിച്ച് മിന്നാമിന്നി നടക്കാമ്പോയി."

"കഥ കഴിഞ്ഞോ സുട്ടൂ?"

"മിന്നാമിന്നി ചെര്പ്പ് ഇട്ട് നടക്കാമ്പോയി, റോഡില്." അവസാനത്തെ വരി കൂടി വന്നു. പെട്ടെന്നാണ് സുട്ടു തിരുത്തിയത്:

"അയ്യോ, ഇല്യാ... അത് എന്റെ ചെര്പ്പാ.. മിന്നാമിന്നിക്ക് ഇല്യ."

അമ്മയ്ക്ക് ചിരി വന്നു, അമ്മ സുട്ടൂനെ ചേർത്തു പിടിച്ചു.



**പ്രേമജ ഹരീന്ദ്രൻ**

17

ചിത്രീകരണം: റോഷൻ

# ഭൂമിയിലെ നക്ഷത്രങ്ങൾ

വിനയടീച്ചർ ഒരു പുസ്തകവും കൊണ്ടാണ് ക്ലാസിലേക്ക് വന്നത്. നല്ല ഓമനത്തമുള്ള ഒരു കുട്ടിയുടെ ചിത്രമാണ് പുറംചട്ടയിൽ.

"കുട്ടികളേ ഈ പുസ്തകത്തിൽ നിന്നുള്ളതാണ് നമുക്ക് ഇന്ന് പഠിക്കാനുള്ള ഭാഗം. ടീച്ചർ പുസ്തകം ഉയർത്തിക്കാട്ടി. സുപ്പു വായിച്ചു. ടോട്ടോച്ചാൻ ജനാലയ്ക്കരികിലെ വികൃതിക്കുട്ടി."

"ടീച്ചറേ, ആ കുട്ടീടെ പേരെന്താ?" സുപ്പു വിളിച്ചു ചോദിച്ചു.

"ഇതാണ് ടോട്ടോച്ചാൻ. ഈ പുസ്തകത്തിലെ 'കൃഷി പഠിപ്പിക്കും മാഷ്' എന്ന ഭാഗമാണ് ഞാനിപ്പോ വായിക്കാൻ പോകുന്നത്. എല്ലാവരും ശ്രദ്ധിച്ചു കേൾക്കണം കേട്ടോ."

എല്ലാവരും കാതുകൾ കൂർപ്പിച്ചിരുന്നു. ടോട്ടോച്ചാനും കൂട്ടുകാരും കൃഷി പഠിപ്പിക്കാൻ വന്ന മാഷും ഒക്കെ അവരുടെ കൺമുന്നിൽ കൂടി കടന്നു പോയി.

വായന കഴിഞ്ഞ് ടീച്ചർ പുസ്തകം മടക്കി വെച്ചു.

"ഈ ടോട്ടോച്ചാനേയ് ആദ്യമൊരു വികൃതിക്കുട്ടിയായിരുന്നു. റ്റോമോ എന്ന തീവണ്ടി സ്കൂളിലെത്തിയപ്പോഴാ അവൾ നല്ല മിടുക്കി കുട്ടിയായത്." ടീച്ചർ പറഞ്ഞു തുടങ്ങി.

"തീവണ്ടി സ്കൂളോ? അതെന്താ ടീച്ചർ?" സുപ്പു ചോദിച്ചു.

"അതെ, തീവണ്ടി സ്കൂൾ തന്നെ. തീവണ്ടി



മുറികളിലാ അവിടെ ക്ലാസ്.

കൊബായാഷി മാസ്റ്ററാണ് ഹെഡ്മാസ്റ്റർ. തെത്സുകോ കുറോയാനഗി എന്ന ടോട്ടോച്ചാൻ വളർന്ന് പിന്നീട് ജപ്പാനിലെ മാധ്യമപ്രവർത്തകരിലൊരാളായി മാറി. ഈ പുസ്തകം വായിച്ച് ജപ്പാനിലെ ജയിലിൽ നിന്ന് ഒരാൾ തെത്സുകോയ്ക്ക് എഴുതി. 'നിങ്ങളുടെ അമ്മയെപ്പോലെ ഒരമ്മയും കൊബായാഷി മാസ്റ്ററെപ്പോലെ ഒരു മാസ്റ്ററും ഉണ്ടായിരുന്നെങ്കിൽ ഞാൻ ഒരിക്കലും ഈ ജയിലിലെത്തില്ലായിരുന്നു."

ക്ലാസ് നിശബ്ദമായി.

"ടീച്ചർ, എനിക്കാ പുസ്തകം വായിക്കാൻ തരുമോ?" സുപ്പു ചോദിച്ചു.

"പിന്നെന്താ തരാല്ലോ." ടീച്ചർ പറഞ്ഞു.

"എനിക്കും വേണം ടീച്ചർ ഞങ്ങൾ ഒരുമിച്ച് വായിച്ചോളാം." നന്ദുവും പുസ്തകത്തിനായി കൈ നീട്ടി.

"പിന്നൊരു കാര്യം കൂടിയുണ്ട്. കൃഷി കാണാൻ നമ്മളെല്ലാവരും നാളെ ഒരിടം വരെ പോകുന്നു. തയ്യാറല്ലേ എല്ലാരും?"

"തയ്യാർ." എല്ലാവരും ഉറക്കെ വിളിച്ചു പറഞ്ഞു.

മുമ്പ്, വിലാസിനിടീച്ചർ എല്ലാവരെയും കൂട്ടി വയൽ കാണാൻ പോയത് പെട്ടെന്ന് സുപ്പുവിന്റെ മനസിലേക്ക് ഓടിയെത്തി. ഒരു കുഞ്ഞു സങ്കടം അവന്റെ തൊണ്ടയിൽ കുറുകി.

ഇവിടെയും തന്നെ ഒഴിവാക്കിയേക്കുമോ? സുപ്പു ഒരു നിമിഷം ചിന്തിച്ചു പോയി. അടുത്ത നിമിഷം അവൻ തന്നെ സ്വയം തിരുത്തി.

വിനയടീച്ചർ അങ്ങനെ ചെയ്യുകയില്ല. ടീച്ചർക്ക് സുപ്പുവിനെ അത്ര കാര്യമാണ്. മാത്രമല്ല സുപ്പുവിന് ഇപ്പോ പണ്ടത്തേക്കാളും ഭംഗിയായി നടക്കാൻ കഴിയുന്നുണ്ട്. കൂടുതൽ ആത്മവിശ്വാസമുള്ളൊരു കുട്ടിയായി താൻ മാറിയിരിക്കുന്നു. സുപ്പു ആലോചിച്ചു.


പിറ്റേന്ന് കുട്ടികളും ടീച്ചറും കൂടി കൃഷി ഭവനിലേക്കാണ് യാത്ര പോയത്. കൃഷി ഓഫീസർ അവരെ സ്വീകരിക്കാൻ തയ്യാറായി കാത്തുനിൽപ്പുണ്ടായിരുന്നു. കൃഷി ഓഫീസിനോടു തൊട്ടുള്ള നല്ല പച്ചക്കറിത്തോട്ടം അവരൊക്കെ ചുറ്റി നടന്നു കണ്ടു. പിന്നെ ചോദ്യോത്തരങ്ങളായി. ആദ്യമൊക്കെ സുപ്പുവിന് മടിയായിരുന്നു ചോദിക്കാൻ. പക്ഷേ, പിന്നീട് അറിയേണ്ട കാര്യങ്ങളൊക്കെ തന്റേടത്തോടെ അവൻ ചോദിച്ചു മനസ്സിലാക്കി.

കുട്ടികൾക്കെല്ലാം കൃഷി ഓഫീസിൽ നിന്ന് പച്ചക്കറി വിത്തുകൾ കിട്ടി. അതു കൊടുത്തുകൊണ്ട് കൃഷി ഓഫീസർ പറഞ്ഞു.

"ഈ വിത്ത് കൊണ്ടുപോയി വെറുതെ കളയരുത് കേട്ടോ. ഇപ്പോ ഇതെല്ലാം നടാൻ പറ്റിയ സമയമാണ്. നല്ല ഒരു പച്ചക്കറിത്തോട്ടമുണ്ടാക്കണം. ഏറ്റവും നല്ല പച്ചക്കറി തോട്ടത്തിന് പ്രത്യേക സമ്മാനമുണ്ട് കേട്ടോ."

എല്ലാവരും തലകുലുക്കി. സുപ്പുവിന്റെ മനസ്സിൽ ചില പദ്ധതികളൊക്കെ തയ്യാറാവുകയായിരുന്നു.

(തുടരും)



## പദപ്രശ്നം ഒക്ടോബർ 16/ 2020
## ഉത്തരവും വിജയികളും

| | | | | |
|---|---|---|---|---|
| 1 തു | ലാ | 2 വ | ർ | ഷം |
| ടി | | യ | | |
| | 3 ഉ | ലാ | ത്തു | 4 ക |
| 5 ക | യ | ർ | | ല്ല |
| | രം | | 6 ക | ണ്ണി |

**നിള ആർ,** 4 ാം തരം, തോട്ടത്തിൽ കിഴക്കതിൽ, ഐത്തോട്ടുവാ, വെസ്റ്റ് കല്ലട പി.ഒ., കൊല്ലം 691 500

**സൂര്യ കിരൺ,** 6 ബി, ഒറ്റകുളം നടപ്പറമ്പിൽ, ഇരിങ്ങൽ പി.ഒ., വടകര വഴി, കോഴിക്കോട്

**ദിയ പ്രകാശ്,** 5 ബി, പനച്ചയിൽ, കെ.ആർ.എ.–എ 13, കാട്ടുവിള, പേയാട്, തിരുവനന്തപുരം.

**ഹക്കീം കെ,** 3 ാം തരം, സാഫല്യം, ഉരുവച്ചാൽ, ചൊവ്വ പി.ഒ., കണ്ണൂർ.

**സ്വാതി കെ ലാൽ,** 6 ാം തരം, സൗഗന്ധിക, നെല്ലായ, പാലക്കാട്



# കാറ്റേ... ശലഭമേ...



**ദിവാകരൻ വിഷ്ണുമംഗലം**

ചിത്രീകരണം: സൂരജ് കക്കറയിൽ

കാറ്റേ ഞാൻ കരുതിവച്ചൂ
നിനക്കായെൻ പരിമളം

ശലഭമേ നീ നുകർന്നീടാൻ
അകമലരിൽ തേൻകുടം

തിരികെ നീയും കൊണ്ടുപോകു
പൊൻപരാഗം മധുകണം

പടർത്തുകെൻ സുഗന്ധമെങ്ങും
വിതറുകെൻ പരാഗവും

പലയിടത്തായതു പടർന്നു
വളർന്നു പൂങ്കാവനികളായ്

ലോകമെങ്ങും സർഗസുന്ദര–
പൂർണമാക്കുക ജീവനം.

Volume 42 No. 12 Eureka 2020 November 16, 44 Pages
Printed and Published by Meerabai T.K, Parishad Bhavan, Chalappuram, Calicut -2. on behalf of Kerala Sasthra Sahithya Parishad
Printed at : Geethanjali Web Offset, Kundaythode, Kolathara P.O, Calicut.
and Published at Parishad Bhavan, Chalappuram, Calicut-673002. Editor : C.M.Muraleedharan. Approved by CSIR for Financial Support.



മുക്കുറ്റി പൂത്തു
തിമർക്കുന്നു കുട്ടരേ
മുറ്റം മുതൽക്കു
മലയടിയോളവും



മുറ്റമഴകിന്റെ
സൗവർണ്ണ പാത്രങ്ങ–
ളെത്രയും കണ്ടു ക–
ണ്ടാനന്ദമോലുക.
മുക്കുറ്റി പൂത്തെ –
ന്നറിഞ്ഞു വന്നു
മുപ്പത്തിമുക്കോടി
പൂക്കൾ കണ്ടു



മാനത്തെ നക്ഷത്ര –
ക്കാര്യമല്ല
മായികാ സങ്കൽപ്പ
ലോകമല്ല.





ചിത്രവും വരിയും :
വിശ്വൻ – 9207 008 943

Date of Publication : 09/11/2020 EUREKA Price : ₹ 17.00

ISSN : 0972-2122 Science Fortnightly For Children Registered No: KL/CT/46/2018-20

License to post without prepayment of postage No: KL/PMG/NR/WPP/7/KKD/2018-20

Registered with the Newspaper Registrar of India under No:29524/78

